IT.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.481 21-7-2010-ന് മറുപടിക്ക്

ചെറുതും വലുതുമായ പട്ടണങ്ങളുടെ പശ്ചാത്തലസൗകര്യവികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.വി.എൻ.വാസവൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.കെ.കെ.ദിവാകരൻ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ചെറുതും വലുതുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യവികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; | എ) ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യവികസനത്തിനായി കേന്ദ്ര സർക്കാർ 2005-06-ൽ ആരംഭിച്ച പദ്ധതിയാണ് അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൗൺസ് (**UIDSSMT**), ഏഴുവർഷം കാലയളവുള്ള ഈ സ്കീമിൽ കുടിവെള്ളം, സ്വീവറേജ്, ഖരമാലിന്യ സംസ്കരണം, മലിനജല നിർമ്മാർജ്ജനം, പാർക്കിംഗ് സ്ലോട്ടുകളുടെ നിർമ്മാണം, ജലസംരക്ഷണം തുടങ്ങിയ പദ്ധതികൾക്കുള്ള ധനസഹായം നൽകുന്നു.<br><br>സംസ്ഥാനത്ത് ആകെ 34 പദ്ധതികളാണ് **UIDSSMT**-യുമായി ബന്ധപ്പെട്ട് സംസ്ഥാനതല സാംഗ്ഷനിംഗ് കമ്മിറ്റി (**SLSC**) യുടെ മുമ്പാകെ അനുമതിക്കായി സമർപ്പിച്ചത്. ഇതിൽ 25 പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

............2/-

ബി) ഏതെല്ലാം നഗരസഭകളെയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ബി) പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നഗരസഭകളുടെ പട്ടിക, അനുബന്ധം- 1 ആയി ചേർത്തിരി ക്കുന്നു.

സി) പദ്ധതികൾ നടപ്പാക്കുന്നതിനായി ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്;

സി) പദ്ധതികൾ നടപ്പാക്കുന്നതിനായി നഗരസഭകൾ നാളിതുവരെ 41.419 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ഡി) കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നവീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

ഡി) 339.43 കോടി രൂപ അടങ്കലുള്ള 13 കുടിവെള്ള പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്. 9 പുതിയ പദ്ധതികളും 4 നവീകരണത്തിനായുള്ള പദ്ധതികളുമാണ് ഉള്ളത്. ആയത് സംബന്ധിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

പുതിയ പദ്ധതികൾ:-

| | |
|---|---|
| ആലപ്പുഴ | 91.94 കോടി |
| പയ്യന്നൂർ | 40.19 കോടി |
| കൽപ്പറ്റ | 32.17 കോടി |
| ഗുരുവായൂർ | 31.44 കോടി |
| വടകര | 20.91 കോടി |
| ചാവക്കാട് | 19.00 കോടി |
| ഒറ്റപ്പാലം | 18.00 കോടി |
| ചിറ്റൂർ-തത്തമംഗലം | 6.5 കോടി |
| ചങ്ങനാശ്ശേരി | 3.91 കോടി |

നവീകരണ പദ്ധതികൾ:-

| | |
|---|---|
| തലശ്ശേരി | 41.20 കോടി |
| മലപ്പുറം | 19.76 കോടി |
| പെരിന്തൽമണ്ണ | 8.11 കോടി |
| തിരുവല്ല | 6.27 കോടി |

ഇവയിൽ പയ്യന്നൂർ നഗരസഭയുടെയും ആലപ്പുഴ നഗരസഭയുടെയും, കുടിവെള്ള പദ്ധതികളിൽ ശ്രദ്ധേയമായ പുരോഗതി

| | | | |
|---|---|---|---|
| | | | കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റു 11 പദ്ധതികൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടറിംഗ് എന്നീ ഘട്ടങ്ങളിലാണ്. |
| ഇ) | റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ട്; | ഇ) | റോഡു പുനരുദ്ധാരണ പദ്ധതികൾ നയപരമായി അംഗീകരിച്ചിട്ടില്ല |
| എഫ്) | പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | എഫ്) | പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, നഗരസഭകൾ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നഗരസഭകൾ

| ക്രമ നം. | പട്ടണം | പദ്ധതി | അംഗീകരിച്ച പദ്ധതി തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | നെയ്യാറ്റിൻകര | ഖരമാലിന്യ സംസ്കരണം | 349 |
| 2 | ആറ്റിങ്ങൽ | | 306 |
| 3 | പുനലൂർ | | 482 |
| 4 | ചങ്ങനാശ്ശേരി | | 390 |
| 5 | പത്തനംതിട്ട | | 380 |
| 6 | പെരിന്തൽമണ്ണ | | 522 |
| 7 | കൊയിലാണ്ടി | | 208 |
| 8 | ആലപ്പുഴ | | 423 |
| 9 | നെടുമങ്ങാട് | | 229 |
| 10 | നോർത്ത് പരവൂർ | | 183 |
| 11 | ആലുവ | | 185 |
| 12 | പയ്യന്നൂർ | കുടിവെള്ളം | 4019 |
| 13 | ആലപ്പുഴ | | 9194 |
| 14 | ഗുരുവായൂർ | | 3144.33 |
| 15 | ചാവക്കാട് | | 1900.67 |
| 16 | തലശ്ശേരി | | 4120.00 |
| 17 | വടകര | | 2091.75 |
| 18 | കൽപ്പറ്റ | | 3217.00 |
| 19 | പെരിന്തൽമണ്ണ | | 811.00 |
| 20 | ചിറ്റൂർ-തത്തമംഗലം | | 650.00 |
| 21 | ചങ്ങനാശ്ശേരി | | 391.90 |
| 22 | തിരുവല്ല | | 627.90 |
| 23 | ഒറ്റപ്പാലം | | 1800.00 |
| 24 | മലപ്പുറം | | 1976.00 |
| 25 | ചാലക്കുടി | സ്വിവറേജ് | 4978.00 |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 482

21-7-2010 ൽ മറുപടിക്ക്

## ഓണം വാരാഘോഷ പരിപാടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അജിത്:<br>ശ്രീ. പള്ളിപ്രം ബാലൻ:<br>ശ്രീ. കെ.രാജു:<br>ശ്രീ. പി. തിലോത്തമൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഈ വർഷത്തെ ഓണം വാരാഘോഷപരിപാടികൾ വിനോദ സഞ്ചാര വകുപ്പ് നടത്തുന്നുണ്ടോ; എങ്കിൽ എന്നുമുതലാണെന്നു വ്യക്തമാക്കുമോ; | എ) ഉണ്ട്. തിരുവനന്തപുരത്ത് സംസ്ഥാനതല ഓണാഘോഷ പരിപാടികൾ ആഗസ്റ്റ് 22 ന് ആരംഭിച്ച് 28-ാം തീയതി ഓണം ഘോഷ യാത്രയോടുകൂടി സമാപിക്കുന്നതാണ്. |
| ബി) എല്ലാ ജില്ലകളിലും ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; | ബി) ഉണ്ട്. ജില്ലകളിൽ ആഗസ്റ്റ് 23 മുതൽ 27 വരെ ജില്ലാ കളക്ടർമാർ ചെയർമാനായുള്ള ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |
| സി) എന്തൊക്കെ പരിപാടികളാണ് വാരാഘോഷത്തിൽ ഉൾപ്പെടുത്തുന്നത്; | സി) സംസ്ഥാനതല ഓണാഘോഷത്തിൽ ക്ളാസിക്കൽ മ്യൂസിക്, ക്ളാസിക്കൽ ഡാൻസ്, ഗാനമേള, നാടകം, കഥകളി, കഥാപ്രസംഗം, കളരിപ്പയറ്റ്, നാടൻ കലകൾ, വാദ്യമേളങ്ങൾ എന്നിവയും ടിവി ചാനലുകളും അച്ചടി മാധ്യമങ്ങളും അവതരിപ്പിക്കുന്ന മെഗാഷോയും സംഘടിപ്പിക്കുന്നുണ്ട്. ജില്ലാതല ആഘോഷങ്ങളിൽ വ്യത്യസ്തങ്ങളായ കലാ പരിപാടികളാണ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. |
| ഡി) വാരാഘോഷ പരിപാടികൾ വിജയിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി) ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ വിജയകരമായി സംഘടിപ്പിക്കുന്നതിനായി ഇതിനകം തന്നെ ബഹു. മുഖ്യമന്ത്രി, മുഖ്യ രക്ഷാധി |

കാരിയായി ജനറൽ കമ്മിറ്റിയും, ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന 10 ഫങ്ഷണൽ കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. തിരുവനന്തപുരത്ത് 16 വേദികളിലായി വിവിധ കലാപരിപാടികളോടുകൂടിയാണ് വാരാഘോഷപരിപാടികൾ സംഘടിപ്പിക്കുന്നത്. ആഘോഷപരിപാടികൾ നടക്കുന്ന തിരുവനന്തപുരം വെള്ളയമ്പലം മുതൽ എൽ.എം.എസ് ജംഗ്ഷൻവരെയുള്ള പ്രദേശം ഉത്സവമേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഘോഷപരിപാടികളോടൊപ്പം തന്നെ ഫുഡ്ഫെസ്റ്റിവൽ, ട്രേഡ് ഫെയർ എന്നിവയും സംഘടിപ്പിക്കുന്നതാണ്. വെള്ളയമ്പലം മുതൽ കിഴക്കേക്കോട്ട വരെയുള്ള സർക്കാർ, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ ആകർഷകമായ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വികരിച്ചുവരുന്നു. ഓണം ഘോഷയാത്രയിൽ വിവിധ വിഷയങ്ങൾ ആധാരമാക്കിയുള്ള ആകർഷകമായ ഫ്ളോട്ടുകൾ ഒരുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ സർക്കാർ വകുപ്പുകൾ/സഹകരണ സ്ഥാപനങ്ങൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രത്യേകം തുക വിനിയോഗിക്കുന്നതിനുള്ള അനുവാദം നല്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **483** **21.07.2010-ൽ മറുപടിയ്ക്ക്**

**ഇൻഫർമേഷൻ കേരള മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കൃഷ്ണ പ്രസാദ്:<br>ശ്രീ.ബാബു എം.പാലിശ്ശേരി:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.രാജു എബ്രഹാം: | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി.) | |
| (എ) | ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ 1223 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ പ്ലാനിംഗ് ഓഫീസുകൾ, അർബൻ അഫയേഴ്സ് - പഞ്ചായത്ത് വകുപ്പുകളുടെ ഡയറക്ടറേറ്റുകൾ, ജില്ലാ റീജിയണൽ ഓഫീസുകൾ എന്നിവയിൽ ഇ-ഗവേണൻസ് നടപ്പിലാക്കുക എന്നതാണ് ഇൻഫർമേഷൻ കേരളാ മിഷന്റെ പ്രധാന ഉദ്ദേശം. |
| (ബി) | കഴിഞ്ഞവർഷം ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വെളിപ്പെടുത്തുമോ; | (ബി) | കഴിഞ്ഞ വർഷം ഇൻഫർമേഷൻ കേരളാ മിഷൻ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>- സാമൂഹ്യ സുരക്ഷ പെൻഷൻ കമ്പ്യൂട്ടർ വൽക്കരിച്ച് 757 പഞ്ചായത്തുകളിലും എല്ലാ നഗരസഭകളിലും ഇലക്ട്രോണിക് മണി ഓർഡർ മുഖേന വിതരണത്തിന് സംവിധാനം തയ്യാറാക്കി<br>- മരാമത്തു പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സുഗമ സോഫ്റ്റ്‌വെയർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വിന്യസിച്ചു.<br>- വസ്തുനികുതി വിവരങ്ങൾ തദ്ദേശ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്ന പ്രവർത്തനം തിരുവനന്തപുരം നഗരസഭയിൽ പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | - എല്ലാ നഗരസഭകളുടെയും കഡസ്ട്രൽ അടിസ്ഥാനത്തിലുള്ള ഭൂപടങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കി. |
| (സി) | ഈ വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ജനന മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള സംവിധാനം<br>2) പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിന്റെ കമ്പ്യൂട്ടർവൽക്കരണം<br>3) മരാമത്തു പണികളുടെ എസ്റ്റിമേറ്റ് കമ്പ്യൂട്ടറിലൂടെ തയ്യാറാക്കുന്നതിനുള്ള നടപടി.<br>4) പഞ്ചായത്തുകളിലേയും നഗരസഭകളിലേയും റവന്യൂ സംവിധാനങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ച് വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കും<br>5) ഇലക്ട്രോണിക് പേയ്മെന്റ് മുഖേന കെട്ടിട നികുതി ഇന്റർനെറ്റിലൂടെ അടയ്ക്കുന്നതിനുള്ള സംവിധാനം.<br>6) മൊബൈൽ ഗവേണൻസ് സംവിധാനം |
| (ഡി) | തദ്ദേശസ്ഥാപനങ്ങളെ പരസ്പരം കമ്പ്യൂട്ടർശൃംഖലയിലൂടെ ബന്ധപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ഡി) | തദ്ദേശ സ്ഥാപനങ്ങളെ സംസ്ഥാന ഇ-ഗവേണൻസ് ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കാൻ ബി.എസ്.എൻ.എൽ ലുമായി ചേർന്ന് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് മൂന്ന് മാസം കൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പൂർത്തികരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ഇ) | സാമൂഹ്യ സുരക്ഷാപെൻഷനുകളുടെ വിതരണം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (ഇ) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കമ്പ്യൂട്ടർ ഉപയോഗിച്ച് ഇലക്ട്രോണിക് മണി ഓർഡർ മുഖേന വിതരണം ചെയ്യുന്നതിനുള്ള ''സേവന പെൻഷൻ'' സോഫ്റ്റ് വെയർ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും |

വിന്യസിച്ചിട്ടുണ്ട്. എല്ലാ നഗരസഭകളിലും (2009 മുതൽ) 633 ഗ്രാമ പഞ്ചായത്തുകളിലും കമ്പ്യൂട്ടർ ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്തു വരുന്നു.

| | | | |
|---|---|---|---|
| (എഫ്) | മരാമത്തുപണികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള സോഫ്ട് വെയർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (എഫ്) | മരാമത്തു പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള "സുഗമ" സോഫ്റ്റ്‌വെയർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വിന്യസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ: 484**

**21.07.2010-ൽ മറുപടിക്ക്**

## ട്രോളിംഗ് നിരോധിത കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം

ചോദ്യം

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. വി.ഡി. സതീശൻ
ശ്രീ. സി.പി.മുഹമ്മദ്

എ) സംസ്ഥാനത്തെ ട്രോളിംഗ് നിരോധിത കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് സർക്കാർ എന്തൊക്കെ സംവിധാനങ്ങളാണ് ഈ വർഷം നടപ്പിലാക്കിയത്;

എ) 2007-ലെ കേരള വർഷകാല മത്സ്യബന്ധന (സമുദ്രാപരിതലം) സംരക്ഷണ ആക്ട് പ്രകാരം ട്രോളിംഗ് നിരോധന കാലയളവിലും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനം നടത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ നിയമം നടപ്പിലാക്കിയത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനു വേണ്ടിയാണ്.

ബി) ഇതു സംബന്ധിച്ച പുതിയ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നു എന്നുറപ്പു വരുത്താൻ പ്രത്യേക നിരീക്ഷണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിരുന്നുവോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ബി) ട്രോളിംഗ് നിരോധന കാലയളവിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പോലീസ്, ഫിഷറീസ് വകുപ്പിലെ ഇംപൗണ്ടിംഗ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ കടൽ പട്രോളിംഗ് കർശനമായി നടപ്പിലാക്കുന്നു.

സി) ഈ വർഷം ട്രോളിംഗ് നിരോധിത കാലത്ത് ഇതു സംബന്ധിച്ച നിയമലംഘനം നടത്തിയ എന്തൊക്കെ സംഭവങ്ങളിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

സി) ഈ വർഷം ട്രോളിംഗ് നിരോധന കാലത്ത് ഇതുവരെ നിയമലംഘനം നടത്തിയതായി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ഇതിനായി കേന്ദ്ര സഹായമായി എന്തു തുകയാണ് ലഭിച്ചത്?

ഡി) ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായമൊന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 485 — 21.07.2010- ൽ മറുപടിക്ക്.

## അഗ്നിശമന സേനയിൽ കാലോചിതമായ പരിഷ്ക്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. പി. സി. ജോർജ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) അഗ്നിശമന സേനയിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവോ ; | : (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം ആധുനിക സംവിധാന-ങ്ങളോടുകൂടിയ പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്തുക ; ഇത് സംബന്ധിച്ച് വിദഗ്ദ്ധാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | : (ബി) ബഹുനിലകെട്ടിടങ്ങളിലുണ്ടാകാവുന്ന തീപിടുത്തത്തിലും മറ്റപകടങ്ങളിലും തീയണക്കുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനുമായി 600 ലക്ഷം രൂപ വീതം വിലവരുന്ന രണ്ട് സ്കൈ ലിഫ്റ്റുകൾ (ഏരിയൽ പ്ലാറ്റ്ഫോം ലാഡർ) ഈ വർഷം വാങ്ങാനു ദ്ദേശിക്കുന്നു. നഗരങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും ഇടുങ്ങിയ വഴികളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് കൂടുതൽ മിനിവാട്ടർ ടെൻഡറുകൾ വാങ്ങാൻ നടപടികൾ സ്വീകരിച്ചു വരുന്നു. കുറച്ചു വെള്ളം |

(മറുപുറം)

ഉപയോഗിച്ച് ഫലപ്രദമായി കൂടുതൽ
തീയണയ്ക്കാൻ പര്യാപ്തമായ വാട്ടർമിസ്റ്റ്
സിസ്റ്റം എന്ന പുതിയ സാങ്കേതികവിദ്യ-
യനുസരിച്ചുള്ള യന്ത്രങ്ങളും ഫയർ ആന്റ്
റെസ്ക്യൂ സർവ്വീസസിന് ലഭ്യമാക്കാൻ
നടപടികൾ സ്വീകരിച്ചു വരുന്നു.
കർണ്ണാടകയിൽ പരീക്ഷിച്ച് ഫലപ്രദമാണെന്ന്
തെളിഞ്ഞ വാട്ടർ മിസ്റ്റ് സിസ്റ്റം ഉപയോഗിച്ചുള്ള
മോട്ടോർ സൈക്കിൾ യൂണിറ്റുകളും
കേരളത്തിൽ തുടങ്ങുവാൻ പദ്ധതിയുണ്ട്.
വെള്ളത്തിനടിയിൽ രക്ഷാ പ്രവർത്തനം
നടത്തുന്നതിനും തിരച്ചിൽ നടത്തുന്നതിനും
പര്യാപ്തമായ അണ്ടർ വാട്ടർ ബ്രീത്തിംഗ്
അപ്പാരറ്റസ് സെറ്റുകൾ കൂടുതൽ വാങ്ങി
നൽകാൻ നടപടിയെടുത്തിട്ടുണ്ട്. ആധുനിക
സൗകര്യങ്ങളെക്കുറിച്ച് നാഷണൽ ഡിസാസ്റ്റർ
മാനേജ്മെന്റ് അതോറിറ്റിയുടെയും കേരളാ
ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും
വിദഗ്ദ്ധ ഉപദേശങ്ങൾ ആരായാറുണ്ട്.

(സി) സംസ്ഥാനത്തുണ്ടായ വിവിധ അത്യാഹിത-ങ്ങളിൽനിന്ന് സേനയുടെ സംവിധാനത്തിൽ എന്തെല്ലാം പോരായ്മകളാണ് കണ്ടെത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

: (സി) ആധുനിക രക്ഷാ ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും കുറവ്, സേനാംഗങ്ങൾക്ക് വെള്ളത്തിലും, പെട്രോൾ/വാതക തീപിടിത്തങ്ങൾ ഉണ്ടാകുമ്പോഴും രക്ഷാ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിനുള്ള വൈദഗ്ദ്ധ്യത്തിന്റെ അഭാവം എന്നിവ കണ്ടെത്തിയിട്ടുണ്ട്.

(മറുപുറം)

| | |
|---|---|
| (ഡി) പ്രസ്തുത സേനയുടെ നവീകരണത്തിന് നടപ്പു സാമ്പത്തിക വർഷം നീക്കിവെച്ചിട്ടുള്ള തുക എത്രയാണ് ; ഈ തുക സേനയെ സുശക്തമാക്കാൻ പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ ; | : (ഡി) സംസ്ഥാന പദ്ധതി വിഹിതം 9.30 കോടി രൂപ. കേന്ദ്ര പദ്ധതി വിഹിതം 22.5 കോടി രൂപ. കൂടാതെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ടി തുക സേനയെ സുശക്തമാക്കുവാൻ വലിയ ഒരളവുവരെ പര്യാപ്തമാണ്. |
| (ഇ) സുസജ്ജമായ അഗ്നിശമനസേന എന്ന് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ? | : (ഇ) കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ഈ വർഷവും വരും വർഷങ്ങളിലും കൂടുതൽ അഗ്നിശമനരക്ഷാ സേവന ഉപകരണങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് അഗ്നിശമന രക്ഷാസേവന വകുപ്പിനെ കൂടുതൽ സജ്ജമാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നം. 486 | 21-7-2010 ൽ<br>മറുപടിക്ക് |

കെ.ടി.ഡി.സിയുടെ കീഴിലുള്ള യാത്രിനിവാസുകളുടെയും മോട്ടൽ ആരാമുകളുടേയും പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എം. മോനായി:<br>ശ്രീ. വി. ശശികുമാർ;<br>ശ്രീ. എസ് രാജേന്ദ്രൻ:<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു; | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കെ.ടി.ഡി.സിയുടെ കീഴിലുള്ള യാത്രി നിവാസുകളുടെയും മോട്ടൽ ആരാമുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) കെ.ടി.ഡി.സിയുടെ നിയന്ത്രണത്തിലുള്ള യാത്രിനിവാസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ആകർഷകവുമാക്കുന്നതിന്റെ ഭാഗമായി ഇവ നവീകരിച്ച് കെ.ടി.ഡി.സി. ടാമറിന്റ് ഈസി ഹോട്ടൽ എന്ന ബ്രാൻഡിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br>കെ.ടി.ഡി.സി. മോട്ടലുകളെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) എല്ലാ യാത്രിനിവാസുകളിലും മോട്ടലുകളിലും ഏകീകൃത അടിസ്ഥാന സൗകര്യങ്ങളും ഭക്ഷണ ക്രമവും വാടക നിരക്കും ഏർപ്പെടുത്തി ബ്രാൻഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ടാമറിന്റ് ഹോട്ടലുകളിൽ മുറിവാടകയിലും സൗകര്യങ്ങളിലും ഭക്ഷണക്രമത്തിലും ഏകീകൃത സ്വഭാവമാണുള്ളത്. |

| | | | |
|---|---|---|---|
| സി) | എങ്കിൽ വിശദാംശം നൽകുമോ; | സി) | കെ.ടി.ഡി.സി.യുടെ നിയന്ത്രണത്തിൽ നിലവിൽ 14 ടാമറിന്റുകളും 13 മോട്ടലുകളുമാണുള്ളത്. ഇവയിൽ 12 ടാമറിന്റ് ഹോട്ടലുകളിലേയും നവീ കരണ പ്രവർത്തനങ്ങൾ പൂർത്തീ കരിച്ചിട്ടുണ്ട്. മറ്റ് രണ്ട് ടാമറിന്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമി ച്ചുവരുന്നു. കെ.ടി.ഡി.സി. മോട്ടലു കളിലെ അടിസ്ഥാന സൗകര്യങ്ങൾ ഏകീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ യൂണിഫോം ഏകീകരിക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. |
| ഡി) | ഇപ്പോൾ എത്ര യാത്രി നിവാസുകളും മോട്ടലുകളുമാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ ; | ഡി) | നിലവിൽ കെ.ടി.ഡി.സി.ക്ക് 14 ടാമറിന്റ് ഹോട്ടലുകളും 13 മോട്ടലുകളുമാണ് ഉള്ളത്. കൂടാതെ ടൂറിസം വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ യാത്രി നിവാസുകൾ പ്രവർത്തിക്കുന്നു. |
| ഇ) | എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും യാത്രിനിവാസുകളും മോട്ടലുകളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 487** **21.07.2010 ൽ മറുപടിക്ക്**

## ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എം പ്രകാശൻ മാസ്റ്റർ | ബഹു. ധനകാര്യ വകുപ്പു മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| എ. | ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നുള്ള വായ്പ ഉപയോഗിച്ച് കാർഷിക മേഖലയിൽപ്പെടുന്ന വെള്ളപ്പൊക്ക നിവാരണം, മണ്ണ് സംരക്ഷണം, ചെറുകിട ജലസേചനം, അഴുക്കുചാൽ നിർമ്മാണം, വനസംരംക്ഷണം, ചെറുകിട ജലവൈദ്യുത പദ്ധതികൾ, മൃഗസംരക്ഷണം, പ്ലാന്റേഷൻ, അറവുശാല നിർമ്മാണം, തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും സാമൂഹ്യമേഖലയിൽപ്പെടുന്ന ശുദ്ധജലവിതരണ പദ്ധതികൾ സ്കൂൾ കെട്ടിട നിർമ്മാണം, പൊതുജനാരോഗ്യ സ്ഥാപനങ്ങൾ, ഗ്രാമീണ ശുചിത്വ പദ്ധതി, അംഗനവാടികളുടെ നിർമ്മാണം, ഗ്രാമീണ റോഡുകളും, പാലങ്ങളും, ഐ.റ്റി സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടന്നുവരുന്നു. |
| ബി. | പ്രസ്തുത പദ്ധതിക്ക് നബാർഡിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കുമോ ; | ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് തുക വിനിയോഗിക്കപ്പെടേണ്ടത് കാർഷിക മേഖലയിൽപ്പെടുന്ന പ്രവർത്തനങ്ങൾക്ക് പദ്ധതി അടങ്കലിന്റെ 95% വരെയും, സാമൂഹ്യ മേഖലയിൽപ്പെടുന്ന പ്രവർത്തനങ്ങൾക്ക് 85% വരെയും, ഗ്രാമീണ ഗതാഗത സംവിധാനങ്ങൾക്ക് 80% വരെയും നബാർഡ് വായ്പ ലഭ്യമാകും. ചെറുകിട പദ്ധതികൾക്ക് പൂർത്തിയാക്കുന്നതിന് രണ്ടു മുതൽ മൂന്നുവർഷം വരെ കാലാവധിയും ഇടത്തരം ബൃഹത് പദ്ധതികൾക്കും, അമ്പത് കോടിയോ അതിലധികമോ ചെലവുവരുന്ന പദ്ധതികൾക്കും 5 വർഷം വരെയും കാലാവധിയുണ്ട്. നിലവിൽ 6.5 ശതമാനമാണ് നബാർഡ് പലിശയായി ഈടാക്കുന്നത്. പലിശയുൾപ്പെടെയുള്ള ഇതിന്റെ തിരിച്ചടവ് കാലം 7 വർഷമാണ് ഇതിൽ 2 വർഷം ഗ്രേസ് പീരീഡാണ്. അഞ്ച് തുല്യ വാർഷിക ഗഡുക്കളായാണ് തിരിച്ചടവ് നടത്തേണ്ടതാണ്. |
| സി. | കഴിഞ്ഞ വർഷം നബാർഡിൽ നിന്നും എന്ത് തുക ധനസഹായമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | 2009-10 ൽ 366.77 കോടി രൂപയുടെ നബാർഡ് ധനസഹായം ലഭിച്ചിട്ടുണ്ട്. |
| ഡി. | റോഡുകൾ, പാലങ്ങൾ എന്നിവയുടെ വികസനത്തിനായി എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ ; | 2009-10 ൽ 96.43 കോടി രൂപ റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കായി നബാർഡ് വായ്പ ലഭിച്ചിട്ടുണ്ട്. |
| ഇ. | വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നബാർഡ് സഹായം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ, എങ്കിൽ വിശദമാക്കുമോ ? | വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നാബാർഡ് സഹായം വിനിയോഗിച്ചിട്ടില്ല. വിവിധ വകുപ്പുകളും കെ.എൽ.ഡി.സിയും വഴി 2009-10 ൽ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾക്കായി 13.37 കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.488 21-07-2010-ൽ മറുപടിയ്ക്ക്

## മത്സ്യമേഖലയുടെ വികസനത്തിന് ദേശീയമത്സ്യവികസന ബോർഡ് നൽകുന്ന സഹായങ്ങൾ

ചോദ്യം | മറുപടി

ശ്രീ. വി.ചെന്താമരാക്ഷൻ:
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി:
ശ്രീ.എ.പ്രദീപ് കുമാർ:
ശ്രീ. ആർ.സെൽവരാജ്:

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):

| | |
|---|---|
| (എ) മത്സ്യമേഖലയുടെ വികസനത്തിന് ദേശീയ മത്സ്യ വികസന ബോർഡ്. നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | (എ) മത്സ്യമേഖലയുടെ വികസനത്തിനു ദേശീയ മത്സ്യ വികസന ബോർഡിൽ നിന്ന് ലഭ്യമാകുന്ന സഹായങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:<br>1) മത്സ്യ സംസ്ക്കരണത്തിന് ധനസഹായം<br>2) ആധുനിക ശുചിത്വ മത്സ്യമാർക്കറ്റ്<br>3) ആറ്റുകൊഞ്ച് കൃഷി<br>4) മത്സ്യ വല ഫാക്ടറി<br>5) കോൾ നിലങ്ങളിൽ ആറ്റുകൊഞ്ച് കൃഷി<br>6) ട്രെയിനിംഗ് ആൻറ് ഡെമോൺസ്ട്രേഷൻ<br>7) റിസർവോയറിൽ മത്സ്യകൃഷി<br>8) തെരഞ്ഞെടുക്കപ്പെട്ട 20 റിസർവോയറുകളിൽ മത്സ്യകൃഷി<br>9) അലങ്കാര മത്സ്യകൃഷി ട്രെയിനിംഗ്<br>10) സമഗ്ര അലങ്കാര മത്സ്യ യൂണിറ്റുകൾ<br>11) അലങ്കാര മത്സ്യപ്രദർശനം 2009-2010<br>12) ബാക്ക്യാർഡ് ഹാച്ചറി |

| | |
|---|---|
| | 13) ഫിഷിംഗ് ഹാർബറുകളുടെയും ഫിഷ് ലാൻറിംഗ് സെൻററുകളുടെയും നവീകരണം |
| (ബി) വിവിധ പദ്ധതികൾക്കായി ബോർഡിൽ നിന്നും ലഭിച്ച സഹായത്തിൻെറ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) പുതിയാപ്പ, കായംകുളം എന്നീ ഫിഷിംഗ് ഹാർബറുകളുടെ നവീകരണത്തിനായി യഥാക്രമം 280 ലക്ഷം രൂപയുടെയും 259 ലക്ഷം രൂപയുടെയും പദ്ധതികൾ എൻ.എഫ്.ഡി.ബി. അംഗീകരിക്കുകയും പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിന് 280 ലക്ഷം രൂപയും കായംകുളം മത്സ്യബന്ധന തുറമുഖത്തിന് 130 ലക്ഷം രൂപയും അനുവദിക്കുകയും ചെയ്തു. |
| (സി) അലങ്കാര മത്സ്യകൃഷി വികസനത്തിന് സഹായം നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) ഉണ്ട്. ദേശീയ മത്സ്യ വികസന ബോർഡ് അലങ്കാര മത്സ്യങ്ങൾക്കുവേണ്ടി ബാക്ക്യാർഡ് ഹാച്ചറികൾ തുടങ്ങുന്നതിന് 68.25 ലക്ഷം രൂപ ഫിർമയ്ക്ക് അനുവദിക്കുകയുണ്ടായി. ടി തുക കൊണ്ട് 273 ബാക്ക്യാർഡ് ഹാച്ചറി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ട്രെയിനിംഗ് പ്രോഗ്രാമിനുവേണ്ടി 4.82 ലക്ഷം രൂപ അനുവദിക്കുകയും ടി തുക കൊണ്ട് 273 ഗുണഭോക്താക്കൾക്ക് പരിശീലനം നല്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ സമഗ്ര അലങ്കാര മത്സ്യ യൂണിറ്റുകൾ തുടങ്ങുന്നതിന് കാവിലിന് (KAVIL) 40.50 ലക്ഷം രൂപയുള്ള അനുവാദം ലഭിച്ചിട്ടുണ്ട്. |
| (ഡി) ആഗോള സാമ്പത്തിക മാന്ദ്യത്തിൻെറ കെടുതികൾ അതിജീവിക്കുന്നതിന് മത്സ്യമേഖലയിൽ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു എന്നു വെളിപ്പെടുത്തുമോ? | (ഡി) ആഗോള സാമ്പത്തിക മാന്ദ്യത്തിൻെറ കെടുതികൾ അതിജീവിക്കുന്നതിനായി വിവിധ ഏജൻസികൾ വഴി നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്:<br>1) **<u>മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>**<br>ആഗോള മാന്ദ്യം മത്സ്യ മേഖലയിൽ ഏറ്റവും കൂടുതൽ ആഘാതമുണ്ടാക്കിയത് മത്സ്യ കയറ്റുമതിയിലാണ്. മത്സ്യത്തിൻെറ വില അന്താരാഷ്ട്ര വിപണിയിൽ കുറയുന്നതിന് ആഗോള മാന്ദ്യം കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആഗോള മാന്ദ്യം നേരിടുന്നതിന് ഏറ്റവും യുക്തമായ നടപടി ആഭ്യന്തര വിപണി ശക്തിപ്പെടുത്തുക എന്നുള്ളതാണ്. ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും ആഭ്യന്തര വിപണിയെ ശക്തിപ്പെടുത്തുന്നതിനുമായി മത്സ്യഫെഡ് 568 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ മത്സ്യം അതത് പ്രദേശങ്ങളിൽ തന്നെ ലഭ്യമാക്കുക, ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുക എന്നീ ലക്ഷ്യങ്ങളോടെ കൊച്ചി, കോഴിക്കോട് നഗരങ്ങൾ കേന്ദ്രീകരിച്ച് മത്സ്യ ചില്ലറ വിൽപ്പന ബൂത്തുകൾ ആരംഭിച്ച് പ്രവർത്തിക്കുന്ന തിന് നടപടികൾ കൈക്കൊണ്ടു വരുന്നു. ഇതിലേയ്ക്ക് കൊച്ചിൻ കോർപ്പറേഷൻ, ജി.സി.ഡി.എ., കൊച്ചിൻ പോർട്ട് ട്രെസ്റ്റ്, കോഴിക്കോട് കോർപ്പറേഷൻ എന്നിവ യുടെ സഹകരണവും ഉറപ്പാക്കിയിട്ടുണ്ട്. ആദ്യഘട്ട മെന്ന നിലയിലാണ് മുകളിൽപ്പറഞ്ഞ രണ്ട് പ്രധാന നഗ രങ്ങളെ കേന്ദ്രീകരിച്ച് പദ്ധതി നടപ്പിലാക്കുന്നത്. പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി ക്രമേണ മറ്റ് ജില്ലകളിൽ കൂടി ഘട്ടംഘട്ടമായി വ്യാപിപ്പിക്കുവാൻ സാധിക്കും. മുനമ്പം, ബേപ്പൂർ, പുതിയാപ്പ എന്നിവിടങ്ങളിൽ എം.പി.ഇ.ഡി.എ യുടെ സഹായത്തോടുകൂടി ഐസ് പ്ലാൻറും, കോൾഡ് സ്റ്റോറേജും നിർമ്മിച്ച് മത്സ്യ സംഭരണവും വിപണ നവും നിയന്ത്രിക്കുന്നതിനും പദ്ധതി വഴി സാധിക്കും.<br><br>ഹാർബറുകളിലും, പ്രധാന ലാൻറിംഗ് സെൻററുക ളിലും, തെരഞ്ഞെടുക്കപ്പെട്ട മാർക്കറ്റുകളിലും ആധു നിക രീതിയിലുള്ള പശ്ചാത്തല സംവിധാനങ്ങൾ ഒരുക്കി മത്സ്യത്തിൻെറ ഗുണമേന്മ ഉറപ്പുവരുത്തി ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുള്ള നടപടി കൾ സ്വീകരിച്ചു വരുന്നു. കോട്ടയം, കുണ്ടറ, പുനലൂർ എന്നിവിടങ്ങളിലെ മത്സ്യവിപണന കേന്ദ്രങ്ങൾ നവീക രിച്ച് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഹാർബറുകളിലും ലാൻ റിംഗ് സെൻററുകളിലും ഇപ്പോഴത്തെ രീതിയിൽ നിന്ന് വ്യത്യസ്ഥമായി ആധുനിക രീതിയിൽ മത്സ്യം സംഭരിക്കു വാനും അവയുടെ ഗുണമേന്മ ഉറപ്പു വരുത്തി വിവിധ വിപണന കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും അതുവഴി ആഭ്യന്തര വിപണിയെ കൂടുതൽ ശക്തിപ്പെടുത്തു വാനും സാധിക്കും. നീണ്ടകര, അഴീക്കൽ, തോട്ടപ്പള്ളി എന്നീ മത്സ്യബന്ധന ഹാർബറുകൾ, ഐസ് പ്ലാൻറും താൽക്കാലിക സംഭരണിയും തയ്യാറാക്കുന്നതിനും |

| | |
|---|---|
| | കോട്ടയം, പുനലൂർ, കുണ്ടറ എന്നീ മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനും നടപടി സ്വീകരിച്ചു വരുന്നു. ഇതിനകം മത്സ്യഫെഡിന് 400 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>**2) <u>അഡാക്ക് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>**<br><br>ആഗോള സാമ്പത്തിക മാന്ദ്യം മൂലം മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള കെടുതികൾ അതിജീവിക്കുന്നതിനു വേണ്ടി അഡാക്ക് മുഖേന തീരദേശ ജില്ലകളിൽ കക്ക/ചിപ്പി കൃഷി പദ്ധതിയും കൂടുകളിലെ മത്സ്യ കൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികൾക്കായി ഗവൺമെൻറ് വിഹിതമായി യഥാക്രമം 88.5 ലക്ഷം രൂപയും, 61.45 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>**3) <u>സാഫ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>**<br><br>ആഗോള സാമ്പത്തിക മാന്ദ്യം മൂലം മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള കെടുതികൾ അതിജീവിക്കുന്നതിന് മൂല്യ വർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സ്ത്രീകളുടെ സ്വാശ്രയ സംഘങ്ങൾക്ക് വിപണന സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 489 — 21.07.2010-ൽ മറുപടിയ്ക്ക്

ഹരിയാലി പദ്ധതിയുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. ജോർജ് എം. തോമസ് :<br>ശ്രീ മുരളി പെരുനെല്ലി :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ : | | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. | ഹരിയാലി പദ്ധതിയുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | എ. | ഹരിയാലി പദ്ധതിയുടെ നിർവ്വഹണ പുരോഗതി, വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 26 ഹരിയാലി പ്രോജക്റ്റുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. എല്ലാ പ്രോജക്റ്റുകളും ആരംഭിച്ചു കഴിഞ്ഞു. 20 പ്രോജക്റ്റുകൾക്കു രണ്ടാം ഗഡു ലഭിച്ചു. കൂടാതെ രണ്ടാം ഗഡു ലഭിച്ചിട്ടുള്ള ഒരു പ്രോജക്റ്റിന് മൂന്നാം ഗഡുവും ലഭിച്ചിട്ടുണ്ട്. രണ്ടാം ഗഡു ലഭിച്ച എല്ലാ പ്രോജക്റ്റുകളും പരിശോധന നടത്തി മൂന്നാം ഗഡുവിനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി. | പദ്ധതി പ്രകാരം സംസ്ഥാനത്തിന് എത്ര പ്രോജക്റ്റുകളാണ് അനുവദിച്ചിട്ടുള്ളത് ; | ബി. | ഹരിയാലി പദ്ധതിയിൽ സംസ്ഥാനത്ത് 26 പ്രോജക്റ്റുകളാണ് അനുവദിച്ചിട്ടുള്ളത്. |
| സി. | എല്ലാ പ്രോജക്റ്റുകൾക്കും രണ്ടാം ഗഡുവിനുള്ള കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ; | സി. | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 26 ഹരിയാലി പ്രോജക്റ്റുകളിൽ 20 പ്രോജക്റ്റുകൾക്ക് രണ്ടാം ഗഡു കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്. |
| ഡി. | പദ്ധതി പ്രവർത്തനം മൂലം എത്ര ഹെക്ടർ തരിശുഭൂമി വികസിപ്പിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട് ; | ഡി. | 28684 ഹെക്ടർ തരിശുഭൂമി വികസിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| ഇ. | നീർത്തട വികസന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി സംവിധാനം ഏർപ്പെടുത്തുമോ ; | ഇ. | നീർത്തട വികസന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യാറുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഗ്രാമവികസന കമ്മീഷണറും നിരന്തരമായി പുരോഗതി അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

പ്രോജക്റ്റുകളുടെ ഇടക്കാല പുരോഗതി അവലോകനം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ മുഖേന ഇടക്കാല അവലോകനവും നടത്തുന്നുണ്ട്.

| | | | |
|---|---|---|---|
| എഫ്. | പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിനുള്ള കാരണം എന്താണ് ; പരിഹാര നടപടികൾ സ്വീകരിക്കുമോ ? | എഫ്. | ഹരിയാലി പദ്ധതി നടപ്പിലാക്കിയ ആരംഭഘട്ടത്തിൽ നീർത്തടാടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹിക്കുന്നതിലെ പരിചയക്കുറവും പദ്ധതി നടത്തിപ്പിൽ പങ്കാളിത്തമുള്ള വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന്റെ അഭാവവുമാണ് പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിനു കാരണമായത്. ഇത് പരിഹരിയ്ക്കുന്നതിനായി ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുകയും, ആവശ്യമായ മാന്വലുകൾ തയ്യാറാക്കി ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 490

21.07.2010-ൽ മറുപടിയ്ക്ക്

പുതിയ വില്ല അക്കോമഡേഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ. എൻ. ശക്തൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) ചുരുങ്ങിയ ബഡ്ജറ്റിൽ വിനോദസഞ്ചാരത്തിനായി സംസ്ഥാനത്തെത്തുന്ന ടൂറിസ്റ്റുകളുടെ സൗകര്യാർത്ഥം ഒരുക്കുന്ന പുതിയ വില്ല അക്കോമഡേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | എ) പരമ്പരാഗത ശൈലിയിൽ നിർമ്മിച്ചിട്ടുള്ളതും നിലവാരമുള്ളതുമായ താമസ സൗകര്യം ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് അവസരം നൽകുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയായ 'സർവ്വീസ്ഡ് വില്ല' വിനോദസഞ്ചാര വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്കായി മുതൽമുടക്കുവാൻ മുന്നോട്ടുവരുന്ന ചെറുകിട ഇടത്തരം ടൂറിസം സംരംഭകർക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത്; | ബി) മാനദണ്ഡങ്ങൾക്കനുസരിച്ച് അംഗീകാരം കൊടുക്കുന്ന 'സർവീസ്ഡ് വില്ല' കളെ കുറിച്ചുള്ള വിവരങ്ങൾ വിനോദസഞ്ചാര വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ്, ബ്രോഷർ എന്നിവയിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ, വിനോദസഞ്ചാര വകുപ്പ് വിദേശത്തും മറ്റ് സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന റോഡ് ഷോകളിലും, പാർട്ണർഷിപ് മീറ്റുകളിലും, സംരംഭകർക്ക് അവരുടെ വില്ലകളെ പ്രചരിപ്പിക്കുന്നതിന് അവസരം നൽകുന്നതാണ്. |
| (സി) സംസ്ഥാനത്ത് ഈ വർഷം എത്ര സംരംഭകർക്ക് ഈ പദ്ധതിയനുസരിച്ച് ടൂറിസം വകുപ്പ് നല്ല അക്കോമഡേഷൻ സൗകര്യം ഒരുക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്; | സി) ടൂറിസം വകുപ്പ് നിലവിൽ ഈ പദ്ധതിക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നില്ല. |
| (ഡി) ഈ രംഗത്തെ സേവനദാതാക്കളുടെ മികവ് വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | ഡി) ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന റോഡ് ഷോകൾ, പാർട്ണർഷിപ് മീറ്റുകൾ എന്നിവയിലൂടെയും ടൂറിസം വകുപ്പ് പങ്കെടുക്കുന്ന ടൂറിസം ഫെയറുകളിലൂടെയും സർവീസ്ഡ് വില്ലകൾക്ക് വേണ്ടത്ര പ്രചാരണം നൽകി സേവന ദാതാക്കളുടെ മികവ് വർദ്ധിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 491

21.07.2010-ൽ മറുപടിയ്ക്ക്

## 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം 'പദ്ധതി

**ചോദ്യം**

ശ്രീമതി കെ..എസ്.സലീഖ
ശ്രീ. കെ.കുഞ്ഞിരാമൻ
ശ്രീ.കെ.സി.രാജഗോപാലൻ
ശ്രീ. രാജു എബ്രഹാം

**ഉത്തരം**

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും
വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം' പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമങ്ങളിൽ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളുടേയും പുതിയ ടൂറിസം ഉല്പന്നങ്ങളുടേയും വികസനവും അതു വഴി പ്രസ്തുത ഗ്രാമങ്ങളിൽ ടൂറിസം സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ളതാണ് 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം ' പദ്ധതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ടൂറിസം വകുപ്പിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് അനുയോജ്യമായവയ്ക്ക് അംഗീകാരം നൽകുകയും ചെയ്യുന്നു. അംഗീകരിക്കുന്ന പദ്ധതിയ്ക്ക്, പദ്ധതി തുകയുടെ 50% അല്ലെങ്കിൽ പരമാവധി 10 ലക്ഷം രൂപ നൽകുകയും ചെയ്യുന്നു. |
| (ബി) | ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകുന്നത്; | ബി) ഗ്രാമീണ മേഖലയിലെ ടൂറിസ്റ്റ് ആകർഷണ കേന്ദ്രമാകാൻ സാധ്യതയുള്ള പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്ന പദ്ധതികൾ, വില്ലേജ് സ്ക്വയർ വികസന പദ്ധതികൾ, ട്രക്കിംഗ് / മലകയറ്റം പദ്ധതികൾ, പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾ, പുതിയ ടൂറിസം ഉല്പന്നങ്ങൾ അവതരിപ്പിക്കുന്ന പദ്ധതികൾ എന്നിവയ്ക്കാണ് അംഗീകാരം നൽകി വരുന്നത്. |
| (സി) | പ്രോജക്ടുകൾക്ക് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; | സി) പുതിയ ഡെസ്റ്റിനേഷനാകാൻ സാധ്യതയുള്ളവ, നിലവിലുള്ള ടൂറിസം സർക്യൂട്ടുമായി ബന്ധമുള്ള സ്ഥലങ്ങൾ, പൈതൃക സംരക്ഷണം, പ്രകൃതി സംരക്ഷണം എന്നിവ ലക്ഷ്യമിടുന്ന പദ്ധതികൾ, പുതിയ തൊഴിലവസരം സൃഷ്ടിക്കുന്നവ, പരമ്പരാഗത വ്യവസായം, കൃഷി എന്നിവയുമായി ബന്ധപ്പെട്ടതുമായ പദ്ധതികൾക്കാണ് അനുമതി നൽകിവരുന്നത്. |
| (ഡി) | ഇതിനകം എത്ര ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ ടൂറിസം വകുപ്പിന് ലഭിച്ചിട്ടുണ്ട്; അതിൽ എത്രയെണ്ണത്തിന് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കുമോ; | ഡി) ഇടുക്കി ജില്ലയിലെ പെരുവന്താനം, തൃശ്ശൂർ ജില്ലയിലെ നെൻമണിക്കര, കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ ടൂറിസം വകുപ്പിന് ലഭിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | പദ്ധതി നടപ്പാക്കുന്നതിന് ഗ്രാമപായത്തുകൾക്ക് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | ഇ) പഞ്ചായത്തുകൾ രൂപീകരിക്കുന്ന പദ്ധതിയ്ക്ക് പദ്ധതി തുകയുടെ 50% അല്ലെങ്കിൽ പരമാവധി 10 ലക്ഷം രൂപ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.492 21-7 2010-ന് മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിൽ കേന്ദ്രീകൃത ഖരമാലിന്യ പരിപാലന സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ഗ്രാമപഞ്ചായത്തുകളിൽ കേന്ദ്രീകൃത ഖരമാലിന്യ പരിപാലന സംവിധാനം സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) സ്ഥലം ലഭ്യമാക്കിയിട്ടുള്ളതും പൊതു സ്രോതസ്സുകളിൽനിന്നും അധികമായി മാലിന്യം ഉൽപാദിപ്പിക്കപ്പെടുകയും ചെയ്യുന്ന നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിൽ കേന്ദ്രീകൃത സംവിധാനം സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തുന്നതിനോടൊപ്പം വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകാനും കേന്ദ്രീകൃത പ്ലാന്റിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി വരുന്നത്. ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിനായി ഭാഗിക സാമ്പത്തിക സഹായം ശുചിത്വമിഷൻ വഴി ലഭ്യമാക്കി വരുന്നു. മൂലധന ചെലവിന്റെ 50 ശതമാനമോ |

| | | | |
|---|---|---|---|
| | | | പരമാവധി 7.50 ലക്ഷം രൂപയോ സാമ്പത്തിക സഹായമായി ശുചിത്വമിഷൻ വഴി ലഭ്യമാക്കി വരുന്നു. |
| ബി) | ഇതിനായി എത്ര പഞ്ചായത്തുകളുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; | ബി) | കേന്ദ്രീകൃത സംവിധാനം ഒരുക്കുന്നതിനായി സംയോജിത ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് 54 ഗ്രാമപഞ്ചായത്തുകളാണ്. ഈ 54 പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. |
| സി) | പദ്ധതിക്ക് സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയിൽ നിന്നും സഹായം അനുവദിക്കുന്നുണ്ടോ; | സി) | ഉണ്ട്. സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ ഫണ്ടിന്റെ 10 ശതമാനം വരുന്ന തുക ഖര-ദ്രവ പരിപാലന പദ്ധതികൾ നടപ്പിലാക്കാനായി ഉപയോഗപ്പെടുത്താൻ അനുവാദം നൽകിയിട്ടുണ്ട്. ഖരമാലിന്യ പ്രശ്നം രൂക്ഷമായ ചന്തകൾ, അറവുശാലകൾ, സ്കൂളുകൾ, ആശുപത്രികൾ, തുടങ്ങിയ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനായി ആവശ്യമായി വരുന്ന തുകയുടെ 75 ശതമാനമോ പരമാവധി 4 ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വം യജ്ഞം ഫണ്ടിൽ നിന്നും നൽകി വരുന്നു. കൂടാതെ ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനായി വേണ്ടി വരുന്ന തുകയുടെ 50 ശതമാനമോ പരമാവധി 7.50 ലക്ഷം രൂപയോ സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഭാഗിക സാമ്പത്തിക സഹായമായി ശുചിത്വമിഷൻ വഴി ലഭ്യമാക്കി വരുന്നു. |
| ഡി) | ഖരമാലിന്യങ്ങൾ കൂടുതലുള്ള പ്രദേശങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ഡി) | ഉണ്ട്. ഖര മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ സർക്കാർ അംഗീകരിച്ചിട്ടുള്ളതിൽ ഒരു സങ്കേതമാണ്. ആയതിനാൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകിവരുന്നു. ഖരമാലിന്യ പ്രശ്നം കൂടുതലുള്ള പ്രദേശങ്ങളായ ചന്തകൾ, അറവുശാലകൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായി വരുന്ന തുകയുടെ 75 ശതമാനം തുകയോ പരമാവധി 4 ലക്ഷം രൂപയോ ഭാഗിക സാമ്പത്തിക സഹായമായി സമ്പൂർണ്ണ ശുചിത്വ യജ്ഞം വഴി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 493

21.07.2010-ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മിനിമം കൂലി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.കെ. പുരുഷോത്തമൻ :<br>ശ്രീ.ബി. രാഘവൻ :<br>ശ്രീമതി. ശൈലജ ടീച്ചർ :<br>ശ്രീ. വി.ജെ. തങ്കപ്പൻ : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പണികൾക്ക് മിനിമം കൂലി 200 രൂപയാക്കുന്നതിനു കേരളം ദേശീയ തൊഴിലുറപ്പ് കൗൺസിലിന്റെ അംഗീകാരം നേടിയിട്ടുണ്ടോ ; | എ. മിനിമം വേതനം 200 രൂപയാക്കുന്നതിനു കേരളം കേന്ദ്രസർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. |
| ബി. എങ്കിൽ കൗൺസിലിന്റെ പ്രതികരണം എന്താണ് ; | ബി. കേന്ദ്രസർക്കാറിനാണ് നിവേദനം നൽകിയിട്ടുള്ളത്. ആയതിനാൽ കൗൺസിലിൽ നിന്ന് പ്രതികരണം ലഭിച്ചിട്ടില്ല. കേന്ദ്രസർക്കാർ നിവേദനത്തിലെ ആവശ്യം അംഗീകരിച്ചിട്ടില്ല. |
| സി. കാർഷിക മേഖലയിൽ സംസ്ഥാനത്തെ മിനിമം കൂലി എത്ര രൂപയാണ് ; | സി. കാർഷിക മേഖലയിൽ സംസ്ഥാനത്തെ മിനിമം കൂലി 200/- രൂപയാണ് ; |
| ഡി. മിനിമം വേതനം നൽകാൻ കഴിയാത്തതുമൂലം തൊഴിലുറപ്പ് പദ്ധതിക്ക് ആളെ കിട്ടാത്ത സ്ഥിതിവിശേഷം നിലവിലുണ്ടോ ; | ഡി. ഉണ്ട്. |
| ഇ. എങ്കിൽ ഇതു എങ്ങനെ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഇ. കൂലി വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ മുമ്പാകെ ശക്തമായ സമ്മർദ്ദം ചെലുത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>

**ചോദ്യം നമ്പർ: 494** **21.07.2010-ൽ മറുപടിയ്ക്ക്**

## <u>മത്സ്യത്തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി</u>

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ.പി.സി. വിഷ്ണുനാഥ്
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. എ.എ.ഷുക്കൂർ
ശ്രീ. എം.എ.വാഹിദ്

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

എ) ഉണ്ട്.

ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് ഇപ്രകാരം നടപ്പാക്കുന്നത്;

ബി) മത്സ്യബോർഡു വഴി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ താഴെ പറയുന്നു.

| നം. | പദ്ധതി | ധനസഹായ തുക |
|---|---|---|
| 1 | I. മത്സ്യ സുരക്ഷാപദ്ധതി:<br>എ) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | |
| | 1. അപകട മരണം, മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ, മത്സ്യബന്ധന വേളയിൽ ഹൃദയാഘാതംമൂലം മരണം, സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക്. | 200000/- രൂപ |
| | 2. സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് | 100000/-രൂപ |
| | 3. അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | ഒരു കുട്ടിക്ക് 5000/- രൂപ<br>പരമാവധി 10000/- രൂപ |
| | 4. ശവസംസ്കാര ചടങ്ങിന് ധനസഹായം | 2000/- രൂപ |
| | ബി) വള്ളങ്ങൾക്കും എഞ്ചിനും ഇൻഷ്വറൻസ് പരിരക്ഷ | നിശ്ചിത വിലയുടെ 75% വും കടലിലെ ദുരന്തത്തിൽ യാനവും, എഞ്ചിനും, വലയും നഷ്ടപ്പെടുകയാണെങ്കിൽ വലയ്ക്ക് 20,000/- രൂപ നഷ്ടപരിഹാരം ലഭിക്കുന്നതാണ്. |

| | | |
|---|---|---|
| | സി) അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ചികിത്സാ ധന സഹായം | പരമാവധി 20000/- രൂപ |
| 2 | മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം, ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം | 20000/- രൂപ |
| 3 | വിവാഹ ധനസഹായം | 1500/- രൂപ |
| 4 | മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം | 600/- രൂപ |
| 5. | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 250/- രൂപ<br>2010 ഏപ്രിൽ മുതൽ ഇത് 300 രൂപയായി ഉയർത്തിയിരിക്കുന്നു |
| 6 | അപകടംമൂലമുണ്ടാകുന്ന താല്ക്കാലിക അവശത | 500/-രൂപ |
| 7 | മത്സ്യത്തൊഴിലാളികളുടെ മരണത്തിൽ ആശ്രിതർക്ക് ധന സഹായം | 5000/- രൂപ |
| 8. | എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് കാഷ് അവർഡ്<br>a) 10 A+<br>b) 9 A+<br>c) 8 +<br>d) റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഒരോ സ്കൂളിലും) | <br>5000/ -രൂപ<br>4000/- രൂപ<br>3000/- രൂപ<br>3000/- രൂപ |
| 9 | കുടുംബ സംവിധാനം | 750/-രൂപ |
| 10 | എ) മാരകരോഗ ചികിത്സയ്ക്ക്- ഹൃദ്രോഗം, കാൻസർ, വൃക്കരോഗം, തലച്ചോറിലെ ട്യൂമർ എന്നിവയ്ക്ക്,<br>തളർവാതം<br>ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം<br>ബി) അവശതാ പെൻഷൻ (പ്രതിമാസം) | 50000/- രൂപ<br>12000/- രൂപ<br>5000/- രൂപ<br>100/- രൂപ |
| 11 | ചെയർമാൻസ് റിലീഫ് | 500/- രൂപ മുതൽ പരമാവധി 2500/- രൂപ |
| 12 | പ്രസവ ശുശ്രൂഷ | 750/- രൂപ |
| 13 | ഉന്നത വിദ്യാഭ്യാസം<br>ഹയർ സെക്കണ്ടറി +2 (പ്ലസ് 2) എല്ലാവിഷയത്തിലും എ ഗ്രേഡ് ലഭിക്കുന്നവർക്ക്<br>വൊക്കേഷണൽ ഹയർ സെക്കന്ററി | 5000/- രൂപ<br>3000/-രൂപ |

| | | |
|---|---|---|
| 14 | മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് (വിധവാ പെൻഷൻ) (പ്രതിമാസം) | 250/ രൂപ<br>2010 ഏപ്രിൽ മുതൽ ഇത് 300 രൂപ |
| 15 | തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മുന്നോടിയായി പരിശീലനം നൽകുന്ന പദ്ധതി - സ്കൂളുകൾക്ക് ധനസഹായം | 10,000/- രൂപ |
| 16. | തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കായിക വിദ്യാഭ്യാസം- സ്കൂളുകൾക്ക് ധനസഹായം | 50000/- രൂപ വരെ |
| 17 | കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം<br>എ) ദേശീയതലത്തിൽ | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 10000/- രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 8000/- രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 5000/- രൂപ |
| | സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് | 5000/- രൂപ |
| | ബി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ ദേശീയതലത്തിൽ | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 8000/- രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 5000/- രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 3000/- രൂപ |
| | സി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 5000/- രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 3000/- രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 2000/- രൂപ |
| | ഡി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ | |
| | ഒന്നാം സ്ഥാനം നേടുന്നവർക്ക് | 3000/- രൂപ |
| | രണ്ടാം സ്ഥാനം നേടുന്നവർക്ക് | 2000/- രൂപ |
| | മൂന്നാം സ്ഥാനം നേടുന്നവർക്ക് | 1000/- രൂപ |

മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

മത്സ്യത്തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് വിവിധ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് 2000-2001 മുതൽ നടപ്പിലാക്കിവരുന്നു. പദ്ധതിയിൽ പ്രീമിയം അടച്ച് അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികളിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് 3 ലക്ഷം രൂപ ലഭിക്കുന്നതാണ്. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി • അപകടത്തോടനുബന്ധിച്ച് 50% മോ അതിലധികമോ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 1,50,000/- രൂപയും ചികിത്സാ ചെലവുകളും ഈ പദ്ധതിയിൽ ലഭ്യമാണ്. 2009-10 മുതൽ മത്സ്യബന്ധന സമയത്ത് ഹൃദയാഘാതം മുഖേന മരണമുണ്ടായാലും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്

| | |
|---|---|
| സി)ഈ പദ്ധതിയിൻ കീഴിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭ്യമായിട്ടുണ്ട്; | സി) <u>മത്സ്യബോർഡ് വഴിയുള്ള പദ്ധതി</u><br><br>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ പ്രകാരം 2005-06 മുതൽ 2010-2011 ജൂൺമാസം 30-ാം തിയതി വരെ 62431 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭ്യമായിട്ടുണ്ട്.<br><u>മത്സ്യഫെഡ് വഴിയുള്ള പദ്ധതി</u><br>മത്സ്യഫെഡ് ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 73 പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) ഈ വർഷം എന്തൊക്കെ പുതിയ സുരക്ഷാ പദ്ധതികൾ കൂടി ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്?. | ഡി) 1. മാരക രോഗങ്ങൾ മൂലവും അപകടത്തെ തുടർന്ന് പൂർണ്ണ/ഭാഗിക അവശത സംഭവിച്ചത് മൂലവും, മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് പെൻഷനർമാർക്ക് നൽകുന്ന അതേ നിരക്കിൽ പ്രതിമാസ പെൻഷൻ നൽകുന്ന പദ്ധതി.<br><br>2. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും അടച്ച വിഹിതത്തിന്റെ ഇരട്ടിയായി റിട്ടയർമെന്റ് ആനുകൂല്യം നൽകുന്ന പദ്ധതി. എന്നിവ പുതുതായി ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

Sreeja Kumari H

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
**ചോദ്യം നമ്പർ: 495**

21.07.2010-ൽ മറുപടിക്ക്

## <u>മത്സ്യമേഖലയുടെ അഭിവൃദ്ധിക്കും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും നടത്തിയ നിയമനിർമ്മാണങ്ങൾ</u>

<u>ചോദ്യം</u>

ശ്രീ.എ.എം. ആരിഫ്
ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി
ശ്രീ. പി. വിശ്വൻ
ശ്രീ. സി.എച്ച്. കുഞ്ഞമ്പു

എ) മത്സ്യമേഖലയുടെ അഭിവൃദ്ധിക്കും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി ഈ സർക്കാർ നടത്തിയ നിയമനിർമ്മാണങ്ങൾ എത്രമാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>മറുപടി</u>

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) മത്സ്യമേഖലയുടെ അഭിവൃദ്ധിക്കും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി ഈ സർക്കാർ നടത്തിയ നിയമ നിർമ്മാണങ്ങളുടെ പ്രയോജനം സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ട്. കേരള കടാശ്വാസ കമ്മീഷൻ നിയമപ്രകാരം നിലവിൽവന്ന കടാശ്വാസ കമ്മീഷന്റെ ശുപാർശ പരിഗണിച്ച് സർക്കാർ 126.85 കോടി രൂപയുടെ കടങ്ങൾ എഴുതിത്തള്ളുകയും 56695 കുടുംബങ്ങൾക്ക് കടാശ്വാസം ലഭ്യമാക്കുകയും ചെയ്തു. കടാശ്വാസ നടപടികളുടെ രണ്ടാം ഘട്ടമായി സഹകരണ സ്ഥാപനങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്ത കടങ്ങളിൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നു. ഉപരിതല മത്സ്യബന്ധന സംരക്ഷണ നിയമം നടപ്പിലാക്കിയത് വഴി കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ചാള, അയല, നെത്തോലി തുടങ്ങിയ ഉപരിതല മത്സ്യങ്ങൾ പിടിക്കുന്നതിനും അതുവഴി അവരുടെ ഉപജീവന സുരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പാക്കുന്നതിന് കഴിഞ്ഞു.

സെസ് ആക്ട് കൊണ്ടുവന്നെങ്കിലും കയറ്റുമതിക്കാരുടെ എതിർപ്പ് തുടരുന്നതിനാലും കോടതി നടപടികൾ ഉണ്ടായതിനാലും സെസ് ഇനത്തിൽ കാര്യമായ തുക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇതു മറി കടക്കുന്നതിന് നിയമഭേദഗതികൾ ഉൾപ്പെടെ യുള്ള മാർഗ്ഗങ്ങളെക്കുറിച്ച് സർക്കാർ പരിശോധന നടത്തിവരികയാണ്.

| | |
|---|---|
| ബി) ട്രോളിംഗ് നിരോധന കാലത്ത് ഉപരിതല മത്സ്യബന്ധന സംരക്ഷണം ഉറപ്പുവരുത്തിയതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; | ബി) ഇക്കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുവാനും മൺസൂൺ കാലയളവിൽ 'ചാകര' പോലുള്ള അസാമാന്യമായ സമുദ്രോപരിതല മത്സ്യസമ്പത്തുകളെ ചൂഷണം ചെയ്യുന്നതുവഴി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും സംസ്ഥാനത്തിന്റെയും വരുമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |
| സി) മത്സ്യകയറ്റുമതിക്ക് സെസ്സ് ഏർപ്പെടുത്തിയതു മൂലം മത്സ്യത്തൊഴിലാളിക്ഷേമനിധി പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോ;. | സി) ഉണ്ട്. |
| (ഡി) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?. | ഡി) കടാശ്വാസ പദ്ധതി പ്രവർത്തനം ത്വരിതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 496

21.07.2010-ൽ
മറുപടിയ്ക്ക്

## "മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്ര ഭൂമി"

ചോദ്യം

പ്രൊഫ.സി.രവീന്ദ്രനാഥ്
ശ്രീ.കെ.സി.കുഞ്ഞിരാമൻ
ശ്രീ.ടി.പി.കുഞ്ഞുണ്ണി
ശ്രീമതി.കെ.കെ.ലതിക

<u>ഉത്തരം</u>

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്ര ഭൂമി സംരക്ഷിക്കുന്നതിനും അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചു പിടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(എ) & (ബി) ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് നിലവിലുണ്ടായിരുന്നപ്പോൾ മലബാറിലെ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി കണ്ടെത്തുന്നതിനും, ക്ഷേത്ര ഭൂമി അതിരുകെട്ടി സംരക്ഷിക്കുക, അളന്നു തിരിക്കുക, ഭൂമി സംബന്ധമായ രേഖകൾ ശരിയാക്കുക തുടങ്ങിയ ജോലികൾ നിർവ്വഹിക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച ഡെപ്യൂട്ടി കളക്ടറുടെ റാങ്കിൽ കുറയാത്ത ആളുകളെ ഉൾപ്പെടുത്തി ഓരോ ഡിവിഷനിലും ഓരോ സ്പെഷ്യൽ ടീം പ്രവർത്തിച്ചിരുന്നു. ഈ ടീമുകളുടെ നേതൃത്വം വഹിച്ചിരുന്നത് ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിലെ ഒരു സ്പെഷ്യൽ ഓഫീസർ ആയിരുന്നു. മലബാർ ദേവസ്വം ബോർഡ് രൂപീകൃതമാകുന്നതിനു മുൻപ് ടി സ്പെഷ്യൽ ഓഫീസർ തസ്തിക സർക്കാർ നിർത്തലാക്കി. അതിനുശേഷം ഈ ടീമുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചതിനുശേഷം ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള മലബാർ ദേവസ്വം ബോർഡിന്റെ അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

| | | | |
|---|---|---|---|
| (സി) | ക്ഷേത്രങ്ങൾ മതിൽ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ; | (സി) | ഗുരുവായൂർ, കൂടൽ മാണിക്യം ക്ഷേത്രങ്ങൾ മതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്.<br>മലബാർ ദേവസ്വത്തിന് ക്ഷേത്രങ്ങൾ മതിൽ കെട്ടി സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ഒന്നും ഇല്ല. മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾ ഓരോ പ്രത്യേക യൂണിറ്റുകളാണ്. ആയതിനാൽ ജീർണ്ണോദ്ധാരണ ഗ്രാന്റ് നൽകുമ്പോൾ ഈ ആവശ്യത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്ക് അർഹമായ പരിഗണന നൽകി വരുന്നുണ്ട്.<br>കൊച്ചി ദേവസ്വം ബോർഡിൽ പുതിയ ബോർഡ് ചുമതലയേൽക്കുന്ന മുറയ്ക്ക് ബോർഡിന്റെ പരിഗണനയ്ക്ക് ഈ വിഷയം സമർപ്പിക്കുന്നതാണെന്ന് ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br>തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവസ്വം വക ഭൂമികളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി ലാന്റ് കൺസർവൻസി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ദേവസ്വം ഭൂമി കൈയേറ്റം, ഒഴിപ്പിച്ചെടുക്കുന്ന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കു തന്നെ മതിൽ കെട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ച് ആവശ്യകത ബോദ്ധ്യപ്പെട്ട് ക്ഷേത്രങ്ങളുടെ മതിൽ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ക്ഷേത്രഭൂമിയിൽ പൂജാപുഷ്പങ്ങൾ വളർത്തുന്നതോടൊപ്പം ക്ഷേത്രങ്ങൾക്ക് യോജിച്ചതരം വൃക്ഷങ്ങൾ നട്ടു വളർത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | ഗുരുവായൂർ ദേവസ്വത്തിൽ ക്ഷേത്രത്തിന് യോജിച്ച തരത്തിലുള്ള വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിൽ ഇതിനായി നക്ഷത്ര വനം പരിപാടി നടപ്പാക്കിവരുന്നു.<br>കൊച്ചി ദേവസ്വം ബോർഡിന്റെ ക്ഷേത്ര ഭൂമികളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് സംസ്ഥാന ഔഷധ സസ്യ ബോർഡും ഔഷധിയും ചേർന്ന് കൊച്ചിൻ ദേവസ്വം ബോർഡിനു നൽകിയ വൃക്ഷത്തൈകൾ ബോർഡിന്റെ കീഴിലുള്ള ചോറ്റാനിക്കര ഭഗവതിക്ഷേത്രത്തിലും, തൃശ്ശൂർ, തൃപ്പൂണിത്തുറ, തിരുവഞ്ചിക്കുളം, തിരുവില്വാമല ഗ്രൂപ്പുകളിലെ സൗകര്യപ്രദമായ ക്ഷേത്രങ്ങളിലും നട്ടു പിടിപ്പിക്കുന്നതിന് വിതരണം ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ചന്ദനം-750, കണിക്കൊന്ന-150, നാടൻ നെല്ലി-150, കൂവളം-150, അശോകം-149, |

ഒട്ട് നെല്ലി–150 എന്നീ പ്രകാരം തൈകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിൻ കീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ ദേവാരണ്യം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ക്ഷേത്രങ്ങൾക്ക് ആവശ്യമായ വൃക്ഷത്തൈകൾ വനംവകുപ്പുമായി ബന്ധപ്പെട്ട് വാങ്ങുന്നതിന് ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

ദേവാരണ്യം പദ്ധതിയിലൂടെ ക്ഷേത്രഭൂമിയിൽ പൂജാപുഷ്പങ്ങൾ വളർത്തുന്നതോടൊപ്പം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

Sulatharan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 497

21-7-2010 ൽ മറുപടിക്ക്

## ' ഡിസ്കവർ കേരള ' ടൂറിസം പാക്കേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം;<br>ശ്രീ. എ.എം ആരിഫ്:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ; | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആരംഭിച്ച 'ഡിസ്കവർ കേരള' ടൂറിസം പാക്കേജിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | എ) കേരളത്തിനകത്തും പുറത്തുമുള്ള മലയാളി കുടുംബങ്ങൾ, പ്രവാസി മലയാളികൾ, ആഭ്യന്തര ടൂറിസ്റ്റുകൾ, യുവാക്കൾ, വിദ്യാർത്ഥികൾ എന്നിവർക്ക് കേരളത്തിലെ കൂടുതൽ പ്രശസ്തമല്ലാത്തതും വികസന സാദ്ധ്യതയുള്ളതുമായ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചും അവയുടെ സംസ്ക്കാരത്തെക്കുറിച്ചും കൂടുതൽ മനസ്സിലാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ കെ.ടി.ഡി.സി. പുതിയതായി നടപ്പിലാക്കിയ പാക്കേജ് ടൂറാണ് ''ഡിസ്കവർ കേരള''. യുവാക്കൾക്കും, വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് കേരളത്തിനു പുറത്തുള്ള ഇന്ത്യാ ക്കാർക്കും വിദേശത്തു |

പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കുടുംബത്തോ ടൊപ്പം സന്ദർശിച്ച് കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ പാക്കേജ് ടൂറിന്റെ പ്രധാന ലക്ഷ്യം. കേരളത്തിന്റെ വടക്കൻ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് ഉത്തരായനം എന്ന പേരിലും തെക്കൻ ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ട് ദക്ഷിണായനം എന്ന പേരിലും കേരളമാകമാനം ബന്ധപ്പെടുത്തി സുന്ദരകേരളമെന്ന പേരിലുമായി മൂന്നു പാക്കേജുകളാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്.

മേൽപ്പറഞ്ഞ പാക്കേജുകൾ 5 ദിവസം മുതൽ 13 ദിവസം വരെ ദൈർഘ്യമുള്ളവയാണ്. ടൂറിസ്റ്റുകൾക്ക് അവരുടെ സൗകര്യപ്രദമായ രീതിയിൽ പാക്കേജ് ദിവസങ്ങളിലും പുറപ്പെടുന്ന ദിവസങ്ങളിലും മാറ്റം വരുത്താവുന്നതാണ്. ഡിസ്കവർ കേരള പാക്കേജുകൾ എല്ലാം തന്നെ ചെലവു കുറഞ്ഞ ടൂറിസം പാക്കേജുകളാണ്.

ബി) പദ്ധതി വിജയകരമാണോയെന്ന് വ്യക്തമാക്കുമോ;

ബി) നല്ല പ്രതികരണമാണ് ലഭിച്ചുവരുന്നത്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.498 — 21-7-2010-ന് മറുപടിക്ക്

## ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.സാജു പോൾ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി നടപ്പാക്കുന്നതിൽ തിരുവനന്തപുരം, കൊച്ചി നഗരസഭകൾ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) തിരുവനന്തപുരം കോർപ്പറേഷൻ:-<br>1. ജലവിതരണ പദ്ധതി<br>2. സ്വിവറേജ് സ്കീം 1-ാം ഘട്ടം<br>3. ഖരമാലിന്യ നിർമ്മാർജ്ജനം<br>4. സ്വിവറേജ് സ്കീം 2-ാം ഘട്ടം<br>5. ആധുനിക ബസുകൾ<br>6. ഉപരിതല ജല നിർഗ്ഗമന പദ്ധതി<br>കൊച്ചി നഗരസഭ:-<br>1. ജല വിതരണ പദ്ധതി<br>2. സ്വിവറേജ് സ്കീം<br>3. ഉപരിതല ജല നിർഗ്ഗമന പദ്ധതി<br>4. ഖരമാലിന്യ നിർമ്മാർജ്ജനം<br>5. ആധുനിക ബസുകൾ<br>6. ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ<br>7. ഇ-ഗവേണൻസ്<br>8. ഹെറിറ്റേജ് |
| ബി) ഈ പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ; | ബി) വിശദവിവരം അനുബന്ധമായി ചേർത്തിരി ക്കുന്നു. |
| സി) പദ്ധതിക്കായി ഇതിനകം എത്ര കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | സി) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിക്കായി നാളിതുവരെ 144.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ഡി) മാലിന്യ നിർമ്മാർജ്ജനത്തിനും ഖരമാലിന്യ പരിപാലനത്തിനുമായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ; | ഡി) തിരുവനന്തപുരം നഗരസഭയിലെ മാലിന്യ നിർമ്മാർജ്ജനത്തിനും ഖരമാലിന്യ പരിപാലനത്തിനുമായുള്ള പദ്ധതിയുടെ നിർവ്വഹണം പുരോഗമിക്കുന്നു.<br>ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരസഭയിലെ മാലിന്യ സംസ്കരണത്തിനായി ബ്രഹ്മപുരത്ത് |

സ്ഥാപിച്ചിട്ടുള്ള മാലിന്യ സംസ്കരണ പ്ലാന്റും ആർ.ഡി.എഫ്. പ്ലാന്റും പൂർത്തിയായിട്ടുണ്ട്. മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആർ.ഡി.എഫ്. പ്ലാന്റിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

മാലിന്യങ്ങൾ ശേഖരിക്കുന്നതിനും പ്ലാന്റിൽ എത്തിക്കുന്നതിനുമായി ബക്കറ്റുകൾ, ട്രൈസൈക്കിളുകൾ, ബാക്ക്ഹോ ലോഡർ എന്നിവയും തൊഴിലാളികൾക്ക് യൂണിഫോം, മാസ്ക്, ഗംബൂട്ട്, സ്കാർഫ് ഗ്ലൗസ് എന്നിവയും വാങ്ങി നൽകിയിട്ടുണ്ട്.

ഇ) ശുദ്ധജലവിതരണ പദ്ധതികളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഇ) സ്വീകരിച്ച നടപടികൾ താഴെ പറയുന്നവയാണ്;

തിരുവനന്തപുരം:-

കുടിവെള്ള പദ്ധതിയുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി 25 പാക്കേജു കളിലായി വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും, കുഴിക്കുന്ന റോഡുകൾ നന്നാക്കുവാനും, വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്നതിനുമായി ടെൻഡറുകൾ വിളിച്ചിട്ടുണ്ട്. ഇതിൽ 13 പദ്ധതികളുടെ പണി പുരോഗമിക്കുന്നു. ഇതിൽ 12 പണികൾ ഈ വർഷം ഡിസംബറോടുകൂടി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഒരെണ്ണം അടുത്ത വർഷം ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാകും.

കൊച്ചി:-

കൊച്ചി നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിലും മരട്, കുമ്പളം, കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിലും ഇപ്പോൾ അനുഭവപ്പെടുന്ന ശുദ്ധജലദൗർലഭ്യത്തിന് പരിഹാരമുണ്ടാവുന്നതിന് വേണ്ടി ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി കോർപ്പറേഷൻ

201.17 കോടി രൂപ ചെലവിൽ പദ്ധതി നടപ്പാക്കി വരുന്നു.

മൂവാറ്റുപുഴയാറിൽ പിറവം പഞ്ചായത്തിലെ പാഴൂരിൽ നിർമ്മിക്കുന്ന 12 മീറ്റർ വ്യാസമുള്ള കിണറിൽ നിന്നും ജലം ശേഖരിച്ച് 1200 മില്ലീമീറ്റർ വ്യാസമുള്ള റോവാട്ടർ പമ്പിംഗ് മെയിൻ വഴി 5 കിലോമീറ്റർ അകലെ ആരക്കുന്നത്ത് നിർമ്മിക്കുന്ന 43 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയിലെത്തിക്കുന്നതും അവിടെനിന്നും 1100 മില്ലീമീറ്റർ എച്ച്.ഡി.പി.ഇ. പൈപ്പിൽ കൂടി കായൽ ഭാഗങ്ങൾ കടന്ന് വളന്തകാടുവഴി മരട് നെട്ടൂരിൽ നിർമ്മിക്കുന്ന 100 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തുന്നതും അവിടെ നിന്നും ശുദ്ധീകരണത്തിനുശേഷം പുതുതായി നിർമ്മിക്കുന്ന പമ്പ് ഹൗസിൽ നിന്ന് നഗരത്തിലേയും പഞ്ചായത്തുകളിലേയും വിവിധ കേന്ദ്രങ്ങളിൽ എത്തിച്ച് വിതരണം ചെയ്യുവാനുമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഈ പദ്ധതിയുടെ മൊത്തം സ്ഥാപിതശേഷി 100 എം.എൽ.ഡി. ആണ് ഇത് 2.3 ലക്ഷം ആൾക്കാർക്ക് പ്രയോജനം കിട്ടുന്നതും 201 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതുമാണ്. ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ ഇതിനോടകം തന്നെ ഏകദേശം പൂർത്തിയാക്കിയിട്ടുണ്ട്. 2012 മാർച്ച് മാസത്തോടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 499 | 21-7-2010 ൽ മറുപടിക്ക് |

## കൂടുതൽ ടൂറിസ്ററുകളെ ആകർഷിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ:<br>ശ്രീ. കെ.ടി. ജലീൽ:<br>ശ്രീ. പി. ജയരാജൻ:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുളള പദ്ധതികൾ വിശമാക്കുമോ; | എ) കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ഇൻഡ്യയിലെ വിവിധ നഗരങ്ങളിൽ ടൂറിസം വകുപ്പ് ഈ വർഷം പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുന്നുണ്ട്. വിദേശ ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് നിരവധി പരിപാടികൾ ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം റോം, ബ്രസൽസ്, ലിയോൺ, മ്യൂനിച്ച്, ആസ്റ്റർഡാം എന്നീ നഗരങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. ഇതിനുപുറമെ സ്കാൻഡിനേവിയൻ രാജ്യങ്ങളിലെ പ്രധാനപ്പെട്ട അഞ്ചു നഗരങ്ങളിലും ഇംഗ്ളണ്ടിലെ നാലു നഗരങ്ങളിലും റോഡ് ഷോകൾ സംഘടിപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര |

തലത്തിലുള്ള ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇംഗ്ളണ്ടിലെ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ഒരു ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചിട്ടുണ്ട്. ഇംഗ്ളണ്ടിലെ ചെറുകിട ടൂർ ഓപ്പറേറ്റർമാരുടെ സംഘടനയായ **Association of Independent Tour Operators (AITO)** യുടെ വാർഷിക പൊതുയോഗം കേരള ടൂറിസവുമായി സഹകരിച്ച് 2009 നവംബറിൽ കൊച്ചിയിൽ വച്ച് നടത്തുകയുണ്ടായി. കേരള ടൂറിസത്തിന്റെ ഏറ്റവും വലിയ വിപണിയായ ഇംഗ്ളണ്ടിലെ ഈ സംഘടനയുടെ വാർഷിക പൊതു യോഗം കേരളത്തിൽ കൊണ്ടുവരാൻ കഴിഞ്ഞത് വരും വർഷങ്ങളിൽ കേരളാടൂറിസത്തിന് ഇംഗ്ളണ്ടിലെ വിപണിയിൽ സാദ്ധ്യത വർദ്ധിപ്പി ക്കുന്നുവെന്ന കാര്യം തീർച്ചയാണ്. കൂടാതെ അന്തർദേശീയ തലത്തിൽ പ്രചാരണത്തിൽ മുൻപന്തിയിലുള്ള ടൂറിസം മാഗസീനുകളിൽ പരസ്യപ്രചരണങ്ങൾ നൽകി വരുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ സംഘടിപ്പിക്കുന്ന എല്ലാ ടൂറിസം മേളകളിലും ട്രേഡ് ഫെയറുകളിലും കേരളാ ടൂറിസം പങ്കെടുത്ത് പ്രചരണം നടത്തിവരുന്നു.

കെ.ടി.ഡി.സിയും വിവിധ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

ബി) ഓണക്കാലത്തെ ടൂറിസം വാരാഘോഷത്തിന് കൂടുതൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

ബി) സംസ്ഥാനതല ഓണാഘോഷത്തിൽ വിദേശടൂറിസ്റ്റുകളെക്കൂടി ലക്ഷ്യമിട്ടുകൊണ്ട് കഥകളി, നാടൻ കലകൾ, വാദ്യമേളങ്ങൾ എന്നീ കലാരൂപങ്ങളും കളരിപ്പയറ്റും ഈ വർഷത്തെ പരിപാടികളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓണാഘോഷ ങ്ങളോടനുബന്ധിച്ചുള്ള പരിപാടികൾ ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ഉൾപ്പെടുത്തുന്നതാണ്.

സി) ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

സി) 2010-11 സാമ്പത്തിക വർഷത്തിൽ ടൂറിസം വകുപ്പിന്റെ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഡി) ഈ വർഷം മാർക്കറ്റിംഗിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

ഡി) വിദേശസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ അന്താരാഷ്ട്ര ഫെയറുകളിൽ ടൂറിസം വകുപ്പ് സജീവമായി പങ്കെടുത്ത് പ്രചാരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ യൂറോപ്പിലെ പ്രധാന നഗരങ്ങളിൽ ടൂറിസം വർക്ക്ഷോപ്പുകൾ (ബിസിനസ് മീറ്റ്) സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പരസ്യ പ്രചാരണത്തിനായി

അന്തർദേശീയ തലത്തിൽ പ്രചാരത്തിലുള്ള മികച്ച ടൂറിസം മാഗസീനുകളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും പ്രചാരണങ്ങൾ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന ട്രേഡ് ഫെയറുകളിൽ ടൂറിസം വകുപ്പ് പങ്കെടുക്കുന്നുണ്ട്. കൂടാതെ ഇൻഡ്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുന്നുണ്ട്. ദേശീയതലത്തിൽ പ്രചാരത്തിലുള്ള വിവിധ ടൂറിസം മാഗസീനുകളിൽ പരസ്യം നൽകി പ്രചാരണം നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.500 — 21-7-2010-ന് മറുപടിക്ക്

പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; | എ) 30 മൈക്രോൺ വരെകട്ടിയുള്ള പ്ലാസ്റ്റിക് ബാഗുകളുടെ നിരോധനം 2007 സെപ്റ്റംബർ 1 മുതൽ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇത് കർശനമായി നടപ്പിലാക്കാനുള്ള സർക്കാർ ഉത്തരവ് ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി, പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ട 2007 സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ വിപുലമായ ബോധവൽക്കരണ ക്യാമ്പയിൻ, സർക്കാർ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നിരോധിച്ച ഉൽപന്നങ്ങൾ വിൽക്കുന്നതും ഉപയോഗിക്കുന്നതും നിരുൽസാഹപ്പെടുത്തുന്നതിനുള്ള സെമിനാറുകൾ, |

എക്സിബിഷനുകൾ, ദൃശ്യ ശ്രാവ്യ പത്രമാധ്യമങ്ങളിലൂടെ ബൃഹത്തായ പ്രചാരണ പ്രവർത്തനം തുടങ്ങിയവ നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി പ്ലാസ്റ്റിക് ക്യാരീബാഗിന്റെ ഉപയോഗം ഫലപ്രദമായി നിയന്ത്രിക്കാൻ ഒരു പരിധിവരെ കഴിഞ്ഞു. ഈ നിരോധനം കാര്യക്ഷമമാകണമെങ്കിൽ 50 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. അതനുസരിച്ച് 2008 മാർച്ചിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. നിരോധനം ലംഘിക്കുന്നവർക്ക് ശിക്ഷ നൽകുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കട പരിശോധന നടത്തുകയും നിരോധിച്ച പ്ലാസ്റ്റിക് സഞ്ചികൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്തു വരുന്നു

| | |
|---|---|
| ബി) 30 മൈക്രോണിൽ കുറഞ്ഞ കനമുള്ള പ്ലാസ്റ്റിക് ബാഗുകൾ. നിരോധിച്ചുകൊണ്ടുള്ള ഉത്തരവുകൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് | ബി) 30 മൈക്രോണിന് താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചിട്ടുള്ള ഉത്തരവിൽ തന്നെ ഇത്തരം ബാഗുകൾ അതിർത്തികടന്ന് |

നിലവിലുള്ളത്;

നമ്മുടെ സംസ്ഥാനത്ത് എത്തുന്നത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ തന്നെ, ബാഗുകളുടെ കനം തിട്ടപ്പെടുത്തുന്ന മൈക്രോമീറ്ററുകൾ, അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിനൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മൈക്രോമീറ്റർ വാങ്ങുന്നതിനും അനുമതി നൽകിയിരുന്നു. ഇതോടൊപ്പം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും കടകൾ പരിശോധിക്കാനും, ആവശ്യമുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട് നിരോധനം സംബന്ധിച്ച് നടപ്പിലാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് ഒരു മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, പോലീസ് വകുപ്പിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ, ജില്ലാ കളക്ടർ, പോലീസ് വകുപ്പിലെ ഡെപ്യൂട്ടി

| | |
|---|---|
| | സൂപ്രണ്ട് എന്നിവർ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് നം.14495/ജി3/02/തസ്വഭവ, ഒക്ടോബർ 7-2003 തീയതി എന്ന സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ട്. |
| സി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം മറ്റ് തരത്തിലുള്ള പേപ്പർ ബാഗുകൾ വ്യാപകമായി ഉപയോഗിക്കുന്നതിന് സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | സി) പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരമായി ബദൽ ഉല്പന്നങ്ങൾ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ബാഗുകൾക്ക് പകരമായി പേപ്പർ ബാഗുകളും തുണിബാഗുകളും പ്രചരിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് |
| ഡി) ഇത്തരം പേപ്പർ ബാഗുകൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന സ്വാശ്രയ സംഘങ്ങൾക്ക് സർക്കാർ എന്തൊക്കെ പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട്; | ഡി) പേപ്പർ ബാഗുകൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോൽസാഹനം നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾക്ക് സബ്സിഡിയും ബാങ്ക് ലോണും കുടുംബശ്രീ ഡയറക്ടറേറ്റ് വഴി നൽകിവരുന്നു. **SJSRY, RME** എന്നീ പദ്ധതികളാണ് ഇതിനായി ഉപയോഗപ്പെടുത്തി വരുന്നത്. |
| ഇ) പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് പൂർണ്ണ വിജയം കൈവരിക്കാനാ | ഇ) കട്ടികുറഞ്ഞ പ്ലാസ്റ്റിക് ബാഗുകളുടെ നിരോധനത്തിനാണ് നടപടി |

| | |
|---|---|
| കാത്ത സാഹചര്യത്തിൽ എല്ലാത്തരം പ്ലാസ്റ്റിക് ബാഗുകളും നിരോധിക്കാൻ നടപടി സ്വീകരിക്കുമോ? | കൈക്കൊണ്ടിട്ടുള്ളത്. ദേശീയതലത്തിൽ 20 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് ബാഗുകൾക്കാണ് നരോധനം ഉള്ളത്. എന്നാൽ സംസ്ഥാനത്ത് അത് 30 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. 50 മൈക്രോൺ വരെ കട്ടിയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കാൻ നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ തിരുമാനം ആകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്. എന്നാൽ പ്ലാസ്റ്റിക് ബാഗുകളുടെ പൂർണ്ണ നിരോധനത്തെക്കുറിച്ച് തിരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.501 21-07-2010- ൽ മറുപടിയ്ക്ക്

## കൃത്രിമപാര് ഉണ്ടാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

ചോദ്യം

ശ്രീ. പി.കെ. അബ്ദുറബ്ബ്:
ശ്രീ. യു.സി. രാമൻ:
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്:
ശ്രീ. എം.ഉമ്മർ:

മറുപടി

ശ്രീ. എസ്. ശർമ്മ:
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):

| | |
|---|---|
| (എ) കൃത്രിമപാര് ഉണ്ടാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) ഉണ്ട്. കൃത്രിമപാര് ഉണ്ടാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 5 തീരദേശ പഞ്ചായത്തുകളിൽ അധാക്ക് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കുന്നത്; ഏതെല്ലാം തരത്തിലുള്ള മത്സ്യങ്ങളാണ് ഇതുമൂലം കൂടുതലായി ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) തിരുവനന്തപുരം ജില്ലയിലെ തീരദേശ പഞ്ചായത്തുകളായ അഞ്ചുതെങ്ങ്, കഠിനംകുളം, പൂവാർ, കുളത്തൂർ, കരിംകുളം എന്നിവിടങ്ങളിൽ 6 സ്ഥലങ്ങളിലായാണ് കൃത്രിമപ്പാരുകൾ നിക്ഷേപിച്ചത്. ത്രികോണാകൃതിയിലുള്ള 60 സ്റ്റീൽ മോഡ്യൂളുകൾ നിർമ്മിച്ച് ഓരോ സ്ഥലങ്ങളിലും നിക്ഷേപിക്കുകയായിരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ കണവ, പാര, തിരണ്ടി, പരവ മുതലായ മത്സ്യങ്ങ |

| | |
|---|---|
| | ളാണ് കൂടുതലായി ലഭ്യമാകുന്നത്. |
| (സി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഈ പദ്ധതിക്കായി എന്ത് തുക ചെലവിട്ടെന്ന് വെളിപ്പെടുത്തുമോ? | (സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 83.39 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 502.     21.07.2010 ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സെക്യൂരിറ്റി സോണിൽ അനധികൃത കെട്ടിടനിർമ്മാണം**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി** | **ശ്രീ . കോടിയേരി ബാലകൃഷ്ണൻ, ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി.** |
| എ) കേരളത്തിൽ സ്പെഷ്യൽ സെക്യൂരിറ്റി സോണുകൾ ഏതൊക്കെയാണെന്ന് നിശ്ച യിച്ച് നോട്ടിഫൈ ചെയ്തിട്ടുണ്ടോ; ഉണ്ടെ ങ്കിൽ ഏതെല്ലാമാണ്; | എ) കേരളത്തിൽ സ്പെഷ്യൽ സെക്യൂരിറ്റി സോണുകൾ ഏതൊക്കെയാണെന്ന് നിശ്ച യിച്ച് നോട്ടിഫൈ ചെയ്തിട്ടില്ല. |
| ബി) സ്പെഷ്യൽ സെക്യൂരിറ്റി സോണുകളിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ദൂര പരിധിയും ഉയര പരിധിയും നിശ്ചയിച്ചിട്ടു ണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ; | ബി) കേരള മുൻസിപ്പാലിറ്റി കെട്ടിട നിർ മ്മാണചട്ടം 32(3) പ്രകാരം, നിർമ്മാണം, പുനർ നിർമ്മാണം കൂട്ടിച്ചേർക്കൽ എന്നിവ നിർദ്ദിഷ്ട സെക്യൂരിറ്റി സോണുക ൾക്കുള്ളിൽ നടത്തുമ്പോൾ, കെട്ടിടത്തിന്റെ ഏറ്റവും ഉയർന്ന ഭാഗം വരെയുള്ള മൊത്തം ഉയരം 10 മീറ്ററിൽ കൂടാത്തതോ അഥവാ ജില്ലാ കളക്ടർ നിർദ്ദേശിക്കുന്ന പ്രകാരമോ, ഇവയിൽ ഏതാണോ കുറവ്, അപ്രകാരം ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ട സെക്യൂ രിറ്റി സോണിലെ നിലവിലെ ഏതൊരു കെട്ടിടത്തിനും അതിന്റെ ഏറ്റവും ഉയർന്ന ഭാഗംവരെ മൊത്തം ഉയരം 10 മീറ്ററോ അതിലധികമോ ഉള്ള പക്ഷം, മുകളിലോട്ട് തുടർന്ന് കൂട്ടിച്ചേർക്കലുകൾ പാടില്ല എന്നും പ്രസ്തുത ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) സ്പെഷ്യൽ സെക്യൂരിറ്റി സോണിൽ പരിധി ലംഘിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ ഉള്ള സാഹചര്യത്തിൽ വി.ഐ.പി. കെട്ടിടങ്ങൾക്ക് സെക്യൂരിറ്റി സംവിധാനം എങ്ങനെ ഏർപ്പെടുത്തുമെന്ന് വിശദമാക്കുമോ;<br>ഡി) നിയമ സഭ, രാജ് ഭവൻ തുടങ്ങിയ സ്പെഷ്യൽ സെക്യൂരിറ്റി സോണുകളുടെ നിശ്ചിത പരിധികൾ ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം അറിവുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ? | (സി) & ( ഡി) സ്പെഷ്യൽ സെക്യൂരിറ്റി സോണുകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ച് നോട്ടിഫൈ ചെയ്യിട്ടില്ലാത്ത സാഹചര്യത്തിൽ പരിധി എത്രയാണെന്നോ, ലംഘനം ഉണ്ടോ എന്നോ പറയാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 503 — 21/7/2010 – ൽ മറുപടിയ്ക്ക്

## പോലീസ് യൂണിഫോം പരിഷ്കരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. ജോർജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി :<br>ശ്രീ. തോമസ് ചാഴികാടൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാന പോലീസിൻെറ യൂണിഫോമിന് പുതിയ രൂപം നൽകാനുള്ള പദ്ധതി ഏതു ഘട്ടം വരെയായി ; | (എ) കേരളാ പോലീസിൻെറ യൂണിഫോം പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ ശ്രീ. പി. ചന്ദ്രശേഖരൻ ഐ. പി. എസ്. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി കേരള പോലീസ് യൂണിഫോം പരിഷ്കരിക്കുന്നത് സംബന്ധിച്ചുള്ള ശുപാർശകൾ 31. 5. 2010 ന് പോലീസ് ഡയറക്ടർ ജനറലിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (ബി) യൂണിഫോമിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുക ; | (ബി) യൂണിഫോമിൽ വരുത്തേണ്ട മാറ്റങ്ങൾ ഇതു സംബന്ധിച്ച കമ്മിറ്റിയുടെ ശുപാർശകൾ പരിശോധിച്ചശേഷമേ തീരുമാനിക്കുകയുള്ളൂ. |

| | |
|---|---|
| (സി) യൂണിഫോം പരിഷ്കരിക്കുന്നതിന് ഏതെങ്കിലും വിദഗ്ദ്ധ ഏജൻസികളുടെ സഹായം തേടിയിരുന്നോ ; എങ്കിൽ ഏജൻസി ഏതാണ് ; | (സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻെറ കീഴിലുള്ള ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് (ബി പി ആർ ആൻറ് ഡി) ൻെറ ശുപാർശകൾ ഇക്കാര്യത്തിൽ തേടിയിരുന്നു. |
| (ഡി) പ്രസ്തുത ഏജൻസിയുടെ പരിഷ്കരണ ശുപാർശകൾ എന്തെല്ലാമാണ് ; | (ഡി) പ്രസ്തുത ഏജൻസി ഇതു സംബന്ധമായി അയച്ച കത്ത് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) പോലീസ് യൂണിഫോമിൻെറ പരിഷ്കരിച്ച രൂപം എന്നുമുതൽ പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ഇ) യൂണിഫോം പരിഷ്കരണ റിപ്പോർട്ട് വിശദമായി പരിശോധിച്ച ശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ

No. 37/24/2007-DD(D)
Govt. of India
Ministry of Home Affairs
**Bureau of Police Research & Development**

Block No. 11, 3/4th floor,
CGO Complex, Lodhi Road
New Delhi - 110 003
Dated: . /11/09

To

**Director General of Police**
Kerala,
Thiruvananthpuram.

Subject: Kerala Police Dept: Re-designing of Police Uniform.

Sir,

Please refer to your letter number S1/72870/2006 dated 7/11/2009 on the above mentioned subject.

2. IIT, Delhi and NIFT, Bangalore had submitted proposals to undertake the full phase wise research for the Police Uniform with respect to the entire country. However the project could not be completed. Mr. Sanjeev Shami, an IPS officer of MP Cadre has also done lot of work on Uniforms.

3. Kerala Police may kindly have a look at BPR&D website www.bprd.gov.in under hyperlink 'Presentations' and further to BPR&D presentations where you will find three sites under the following heads:

1) Presentation on Police Uniform by Sh. Sanjeev Shami, MP Police

2) Presentation on Footwear for Police Personnel by FDDI

3) Designing of Police Uniforms submitted by IIT Delhi

This is for your information please

Yours faithfully,

27.11.09

**(Vanita Yadav)**
**Senior Scientific Officer**

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 504

21-7-2010 ൽ മറുപടിക്ക്

കെ.ടി.ഡി.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. ജോർജ്ജ് എം. തോമസ്:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. സി. കെ. സദാശിവൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കെ.ടി.ഡി.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) 1. കെ.ടി.ഡി.സിയുടെ കീഴിലുള്ള എല്ലാ യൂണിറ്റുകളും ലാഭ കേന്ദ്രമാക്കി മാറ്റുന്നതിനായി എല്ലായൂണിറ്റുകളും ഹെഡ് ഓഫീസുമായി മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗിൽ ഏർപ്പെട്ടു.<br>2. മുടങ്ങിക്കിടന്ന അറ്റകുറ്റപണികൾ നടത്തി എല്ലാ യൂണിറ്റിലെയും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി.<br>3. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും തുടർച്ചയായി നഷ്ടത്തിൽ മാത്രം പ്രവർത്തിച്ചിരുന്ന ബിയർ പാർലർ യൂണിറ്റുകൾ അടച്ചുപൂട്ടി ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്ന സ്ഥലങ്ങളിലോട്ടു മാറ്റി.<br>4. മോശപ്പെട്ട സൗകര്യങ്ങളോടെ പ്രവർത്തിച്ചിരുന്ന യാത്രി നിവാസു കളിൽ പുനരുദ്ധാരണ പ്രവർത്തനം നടത്തി മെച്ചപ്പെട്ട സൗകര്യങ്ങൾ |

ഏർപ്പെടുത്തി ടാമറിന്റ് ബ്രാൻഡിൽ പ്രവർത്തനം ആരംഭിച്ചു.

5. പുതിയ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ വാർഷിക ബജറ്റിലൂടെ കെ.ടി.ഡി.സിയ്ക്ക് ധന സഹായം നൽകി

6. പുതിയ യൂണിറ്റുകൾ തുടങ്ങി, പ്രധാനപ്പെട്ട ഹോട്ടലുകളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തി.

7. ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്കായി സ്വന്ത മായി പരിശീലനകേന്ദ്രം ആരംഭിച്ചു.

8. കൃത്യമായ ഇടവേളകളിൽ പ്രവർത്തന അവലോകന യോഗങ്ങൾ ചേർന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

ബി) മുടങ്ങിക്കിടന്ന ടൂറിസം പദ്ധതി കൾ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീക രിച്ചുവെന്ന് വ്യക്തമാക്കുമോ;

ബി) വളരെക്കാലമായി മുടങ്ങിക്കിടന്ന മെറീന പദ്ധതി, ചെന്നൈ ഹോട്ടൽ പദ്ധതി എന്നിവ പുനരാരംഭിക്കുകയും മെറീന പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ ടൂറിസം വകുപ്പിലെ ബന്ധപ്പെട്ട എക്സിക്യൂട്ടിംഗ് ഏജൻസി കൾ, ഡി.റ്റി.പി.സി. സെക്രട്ടറിമാർ, വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ച് ഓരോന്നായി അവലോകനം ചെയ്യുകയും പദ്ധതി പുനരാരംഭിക്കുന്നതിനുള്ള തടസ്സം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നു.

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ടൂറിസം രംഗത്ത് പുതുതായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കി യിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | ഡി) | ടൂറിസം രംഗത്ത് പുതുതായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. കെ.ടി.ഡി.സിയുടെ കീഴിൽ ബേക്കൽ ബീച്ചിൽ ഒരു റിസോർട്ട്, കോഴിക്കോട് നഗരത്തിൽ ഒരു പ്രീമിയം ഹോട്ടൽ, മുഴപ്പിലങ്ങാട് ബീച്ചീൽ ഒരു റിസോർട്ട് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങി കഴിഞ്ഞു.<br>2. ടൂറിസം വകുപ്പിന്റെ കീഴിൽ 36 ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ, മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി, ഗ്രീൻ ഫാം ടൂറിസം പദ്ധതി, ലെറ്റ്സ് ലേൺ ട്രെയിനിംഗ് പ്രോഗ്രാം, പാതിരാമണൽ ബയോ പാർക്ക് വികസനം, സപര്യ പദ്ധതി, തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതി, മൂന്നാർ ടൗൺ ഷിപ്പ്, ആലപ്പുഴയിലും വയനാടും മെഗാ ടൂറിസം പ്രോജക്ടുകൾ, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്ന പദ്ധതികൾക്ക് എം.പി/എംഎൽഎ ഫണ്ടുകൾക്കനുസൃതമായ ധനസഹായം, ടൂറിസ്റ്റുകളുടെ വരവ് സംബന്ധിച്ച് ഇ-സബ്മിഷൻ, ഓൺലൈൻ ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ, സി ഫോമുകളുടെ സബ്മിഷൻ ഓൺലൈനായി നൽകൽ, |

ഓൺലൈൻ റൂം റിസർവേഷൻ, കേരളം കാണാം പദ്ധതി, രാജധാനി എക്സ്പ്രസ് ബ്രാൻഡിംഗ്, പുതിയ കൊമേഴ്സ്യൽ ഫിലിമിന്റെ നിർമ്മാണം എന്നിവയും പുതിയതായി തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുന്നു.

3. ടി.ആർ.കെ.എൽ-ന്റെ കീഴിൽ പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികളായ വേളി മെഗാടൂറിസം പദ്ധതി, വർക്കല ടൂറിസം പദ്ധതി എന്നിവ ഉൾപ്പെടുന്നു.

4. ബി.ആർ.ഡി.സിയുടെ കീഴിൽ ബേക്കലിൽ ഒരു എയർസ്ട്രിപ്പ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയും സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| ഇ) | ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി നടപടി സ്വികരിച്ചിട്ടുണ്ടോ ; | ഇ) | ഉണ്ട്. |
| എഫ്) | കെ.ടി.ഡി.സിയെ നഷ്ടത്തിൽ നിന്നും കരകയറ്റാൻ കഴിഞ്ഞി ട്ടുണ്ടോ; എങ്കിൽ വ്യക്തമാ ക്കുമോ? | എഫ്) | ഉണ്ട്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കെ.ടി.ഡി.സിയെ കഴിഞ്ഞ നാലു വർഷങ്ങളിലും ലാഭത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 2006-2007, 2007-2008, 2008-2009, 2009-2010 എന്നീ വർഷങ്ങളിൽ യഥാക്രമം 60.43 ലക്ഷം, 46.36 ലക്ഷം, 45.68 ലക്ഷം , 26.67 ലക്ഷം രൂപയുടെ അറ്റാദായം ഉണ്ടായി. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.505 21-07-2010- ൽ മറുപടിയ്ക്ക്

## സമഗ്ര തീരദേശ വികസന പദ്ധതി

ചോദ്യം മറുപടി

ശ്രീ. യു.സി.രാമൻ:
ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്:

ശ്രീ. എസ്. ശർമ്മ:
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):

| | |
|---|---|
| (എ) സമഗ്ര തീരദേശ വികസന പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇത് ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നത്; | (എ) തീരദേശ മേഖലയുടെ അടിസ്ഥാന, സാമൂഹിക, സാമ്പത്തിക വികസനമുൾപ്പെടെ സമഗ്രമായ ഒരു വികസന പരിപാടിയാണ് സമഗ്ര തീരദേശ വികസന പദ്ധതി. കുടിവെള്ള വിതരണം, ആരോഗ്യം എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് കുടിവെള്ള പദ്ധതികൾ, ആരോഗ്യ കേന്ദ്രങ്ങൾ, മൊബൈൽ ഹെൽത്ത് ക്ലിനിക്കുകൾ, സ്കൂളുകൾ, അംഗൻവാടികൾ, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ, ഗൈഡ് ലൈറ്റുകൾ, മത്സ്യമാർക്കറ്റ് മുതലായവയാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെൻറ് കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) ഈ പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കികഴിഞ്ഞിട്ടുണ്ട്; ആ ജില്ലകളിൽ പുതുതായി ഉണ്ടാക്കിയ അടിസ്ഥാന സൗകര്യങ്ങളുടെ | (ബി) ഈ പദ്ധതിയുടെ ഭാഗമായി 2007 – 08 - ൽ കാസർഗോഡ് ജില്ലയിൽ 27 പ്രോജക്ടുകൾക്ക് തുടക്കമിട്ടു. ഇവയിൽ പലതും പൂർത്തീകരിച്ചു കഴിഞ്ഞു. |

| | |
|---|---|
| വിശദാംശം വെളിപ്പെടുത്തുമോ; എന്തു തുക അതിനായി ചെലവഴിച്ചു; | മറ്റുള്ളവ അന്തിമ ഘട്ടത്തിലാണ്. ആകെ 6.2 കോടി രൂപ അടങ്കൽ തുകയിൽ 5.75 കോടി രൂപ നാളിതു വരെ വിനിയോഗിച്ചു. 2008 – 09 - ൽ കണ്ണൂർ ജില്ല യിൽ ആരംഭിച്ച ടി പദ്ധതിയുടെ ഭാഗമായി 5 കോടി ഹോമിയോ ഡിസ്പെൻസറിയും മൂന്ന് അംഗൻവാടി യും, ഒരു കുടിവെള്ള പദ്ധതിയും കമ്മീഷൻ ചെയ്തു. 7 കുടിവെള്ള പദ്ധതികളും, അംഗൻവാടികളും ഏകദേശം 90% പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റു പദ്ധതികളെല്ലാം ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരു ന്നു. 2009 – 10 - ൽ സമഗ്ര തീരദേശ വികസന പദ്ധതിക്ക് തെരഞ്ഞെടുക്കപ്പെട്ടത് തൃശൂർ ജില്ലയാണ്. വിവിധ ഇനങ്ങളിലായി 44 പദ്ധതികൾ അവിടെ ദ്രുത ഗതിയിൽ പുരോഗമിച്ചു വരുന്നു. |
| (സി) ഇനി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കാനുള്ളതെന്നും, അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നതു സംബന്ധിച്ചും വെളിപ്പെടുത്തുമോ? | (സി) നടപ്പു വർഷം (2010 – 11) എറണാകുളം, ആലപ്പുഴ ജില്ലകളിൽ പദ്ധതി പ്രവർത്തനങ്ങൾ നട ത്തുന്നതിന് 8.80 കോടി രൂപ ബഡ്ജറ്റിൽ വകയിരു ത്തലുണ്ട്. പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗരേഖക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾ തയ്യാറാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 506

21.07.2010-ൽ മറുപടിക്ക്

**കൊച്ചിയിൽ സ്ഥാപിക്കുന്ന മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ, ഓഷ്യനേറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. ബാബു | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കൊച്ചിയിൽ സ്ഥാപിക്കുന്ന മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ, ഓഷ്യനേറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | എ) കൊച്ചിയിൽ ആരംഭിക്കുന്ന ഓഷ്യനേറിയത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും നിർമ്മാണത്തിന്റെ ഭാഗമായുള്ള ലാന്റ് റിക്ലമേഷൻ പണികൾ പൂർത്തിയായി. ഫീസിബിലിറ്റി റിപ്പോർട്ട് പരിശോധിച്ചുവരുന്നു. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |
| ബി) ഇതിനായി എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | ബി) 450 കോടി രൂപ |
| സി) അന്താരാഷ്ട്ര നിലവാരമുള്ള അറിവിന്റെ കേന്ദ്രങ്ങളായി ഈ സ്ഥാപനങ്ങളെ മാറ്റുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; | സി) കടൽ ഗവേഷണത്തിന്റെയും ടൂറിസം വികസനത്തിന്റെയും ഭാഗമായി കൊച്ചിയിൽ ആരംഭിക്കുന്ന ഓഷ്യനേറിയത്തിൽ മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷനും, ഓഷ്യനേറിയവും, മ്യൂസിയവും ഗവേഷണത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങളും ലഭ്യമായിരിക്കും. ഓഷ്യനേറിയത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആംഫിതിയേറ്റർ, കൺവെൻഷൻ സെന്റർ എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾ ഉണ്ട്. |
| (ഡി) ഇതിനായി ഏതൊക്കെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനങ്ങളുമായി സഹകരിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; | ഡി) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് കമ്പനിയായി പ്രവർത്തിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനായി ആഗോള ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |
| ഇ) ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ കഴിയും എന്നാണ് കരുതുന്നത്? | ഇ) 3 ഘട്ടങ്ങളായി പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. |

(signature)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.507 21-07-2010- ൽ മറുപടിയ്ക്ക്

## രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതി

ചോദ്യം മറുപടി

ശ്രീ. കെ.വി. അബ്ദുൾ ഖാദർ:
ശ്രീ. പി. വിശ്വൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. സി.കെ. സദാശിവൻ:

ശ്രീ.എസ്.ശർമ്മ:
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി):

| | |
|---|---|
| (എ) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി മൂലം മത്സ്യമേഖലയ്ക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; | (എ) രാഷ്ട്രീയ കൃഷി വികാസ് യോജന മൂലം മത്സ്യമേഖലയ്ക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്:<br><br>ഫിഷിംഗ് ഹാർബറുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ഗുണമേന്മ ഉറപ്പുവരുത്തിയ മത്സ്യങ്ങളുടെ സംസ്കരണവും വിപണനവും സാധ്യമാകുന്നു.<br><br>അാർ.കെ.വി.വൈ സംസ്ഥാന മത്സ്യ വകുപ്പ് നടപ്പിലാക്കുന്ന മത്സ്യകേരളം പദ്ധതിയുമായി സംയോജിപ്പിച്ച് മത്സ്യോല്പാദനം 75,000 ടണ്ണിൽനിന്ന് 1,26,000 ടൺ ആയി ഉയർത്താൻ സാധിച്ചു.<br><br>ഫാമുകളുടേയും ഹാച്ചറികളുടേയും പുനരുദ്ധാരണത്തിലൂടെ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചു.<br>ശരാശരി മത്സ്യോല്പാദനം ഹെക്ടറിന് 2000 കിലോഗ്രാ |

| | |
|---|---|
| | മിൽ നിന്നും 3000 കിലോഗ്രാം ആയി ഉയർത്താൻ സാധിച്ചു.<br><br>വംശനാശ ഭീഷണി നേരിടുന്ന കേരളത്തിന്റെ തനത് മത്സ്യമായ കരിമീനിന്റെ നിലവിലുള്ള ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും കരിമീൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.<br><br>സ്ത്രീ സ്വയം സഹായ സംഘങ്ങൾക്ക് അലങ്കാര മത്സ്യകൃഷിയിലും, വിപണനത്തിലും പരിശീലനം നല്കി, അലങ്കാര മത്സ്യ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.<br><br>ഒരു നെല്ലും ഒരു മീനും പദ്ധതിയിലൂടെ നെല്ല് ഉല്പാദനം 15% വർദ്ധിപ്പിക്കുന്നതിനും, മത്സ്യ/ചെമ്മീൻ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. |
| (ബി) പദ്ധതിയുടെ ഭാഗമായി ഹാച്ചറികളുടെയും ഫാമുകളുടെയും നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. വാണിജ്യ പ്രാധാന്യമുള്ള മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ വാണിജ്യ അടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ നിലവിലുള്ള ഫാമുകളും ഹാച്ചറികളും നവീകരിക്കുന്നതിനായി 1974.466 ലക്ഷം രൂപയുടെ പദ്ധതികൾ ആർ.കെ.വി.വൈ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. നവീകരണ പ്രവൃത്തികൾ നടപ്പാക്കി വരുന്നു. |

<table>
<tr>
<td></td>
<td>
<table>
<tr><th>വർഷം</th><th>ഹാച്ചറികളുടെ നവീകരണത്തിനായി അംഗീകരിച്ച തുക (ലക്ഷം)</th></tr>
<tr><td>2008-2009</td><td>622.736 രൂപ</td></tr>
<tr><td>2009-2010</td><td>582.00 രൂപ</td></tr>
<tr><td>2010-2011</td><td>769.73 രൂപ</td></tr>
<tr><td>ആകെ</td><td>1974.466 രൂപ</td></tr>
</table>
</td>
</tr>
<tr>
<td>(സി) എത്ര കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്;</td>
<td>(സി) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം 2007-2008 - ൽ 91.50 ലക്ഷം രൂപയും, 2008-09 - ൽ 12 കോടി രൂപയും, 2009-2010 - ൽ 24.46 കോടി രൂപയും 2010-2011 - ൽ 33.95 കോടി രൂപയും മത്സ്യമേഖലയ്ക്ക് അംഗീകരിക്കുകയും ഇതിൽ 2007-08 - ൽ 91 ലക്ഷം രൂപയും, 2008-09 - ൽ 11 കോടി രൂപയും, 2009-2010 - ൽ 12.9683 കോടി രൂപയും അനുവദിച്ചു നല്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.</td>
</tr>
<tr>
<td>(ഡി) ചെമ്മീൻ വിത്തുല്പാദന മേഖലയിൽ കേരളത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുംവിധം പദ്ധതി ആസൂത്രണം ചെയ്യുമോ?</td>
<td>(ഡി) ഉൾനാടൻ മേഖലയിൽ മത്സ്യ/ചെമ്മീൻ വിത്തുല്പാദനം വർദ്ധിപ്പിക്കുക, മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യങ്ങളോടുകൂടിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന ആസൂത്രണം ചെയ്തിട്ടുള്ളത്.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 508 — 21-07-2010-ന് വാക്കാലുള്ള മറുപടിയ്ക്ക്

### കുറ്റാന്വേഷണരംഗത്ത് ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി :<br>ശ്രീ. തോമസ് ചാഴികാടൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കുറ്റാന്വേഷണരംഗത്ത് ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ എന്ന് വ്യക്തമാക്കുമോ ; | (എ) കുറ്റാന്വേഷണത്തിന് ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങളാണ് ഇപ്പോൾ അവലംബിച്ചു വരുന്നത് |
| (ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്തിയിട്ടുള്ളത് ; | (ബി) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലേയ്ക്ക് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ പോലീസ് ആസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം നൽകുന്നതിനുമായി ഒരു ഹൈടെക് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലകളിൽ, ജില്ലാ/ സിറ്റി പോലീസ് ആസ്ഥാനത്തോടനുബന്ധിച്ച് സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു.<br>ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഡി. എൻ. എ. ലാബ് , സൈബർ ഫോറൻസിക് വിഭാഗം എന്നിവ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഫോറൻസിക് സയൻസ് ലാബിൽ ആത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും കണ്ണൂരും തൃശ്ശൂരും ഓരോ റീജണൽ ലാബുകൾ സ്ഥാപിക്കുകയും 24 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

ഫിംഗർ പ്രിന്റ് ബ്യൂറോ ആസ്ഥാനത്ത് ഒരു വിരലടയാള വിശകലന സംവിധാനം ഏർപ്പെടുത്തുകയും ആധുനിക ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയ അന്വേഷണത്തിന് സഹായമാകുന്ന ഉപകരണങ്ങളടങ്ങുന്ന കിറ്റ് എല്ലാ പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുകളിലും വിതരണം ചെയ്തിട്ടുണ്ട്. ആയവ അനുയോജ്യമായ സന്ദർഭങ്ങളിൽ ഉപയോഗിച്ചുവരുന്നുമുണ്ട്.

(സി) നിരപരാധികൾ പീഡിപ്പിക്കപ്പെടുന്നില്ലെന്നുറപ്പു വരുത്താനും തെളിവുകളുടെ വിശകലനം ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് സാധ്യമാക്കുന്നതിനും ഉതകുന്ന തരത്തിൽ സമൂലമായ ഒരു മാറ്റം പോലീസ് സംവിധാനത്തിൽ കൊണ്ടുവരാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

(സി) ശാസ്ത്രീയമായ രീതിയിൽ കേസന്വേഷണം നടത്തുന്നതിനും നിരപരാധികൾ പീഡിപ്പിക്കപ്പെടുന്നില്ലെന്നുറപ്പു വരുത്തുന്നതിനും നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 509</u>                      <u>21.07.2010-ൽ മറുപടിയ്ക്ക്</u>

## <u>ഓഷ്യനേറിയം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. എ.എം. യൂസഫ്<br>ശ്രീ. സി.എം.ദിനേശ് മണി<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കൊച്ചിയിൽ ഓഷ്യനേറിയം സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) കൊച്ചിയിൽ ആരംഭിക്കുന്ന ഓഷ്യനേറിയത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടേയും നിർമ്മാണത്തിന്റെ ഭാഗമായുള്ള ലാന്റ് റിക്ലമേഷൻ പണികൾ പൂർത്തിയായി. ഫീസിബിലിറ്റി റിപ്പോർട്ട് പരിശോധിച്ചുവരുന്നു. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |
| ബി) മറൈൻ ബയോളജിക്കൽ റിസർച്ച് സെന്ററും ഓഷ്യനേറിയവും സ്ഥാപിക്കുന്നതിന് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; | ബി) 450 കോടി രൂപ |
| സി) ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുമോ എന്ന് വെളിപ്പെടുത്തുമോ; | സി) ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് സഹായം ആവശ്യപ്പെട്ടുവെങ്കിലും അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല. |
| (ഡി) ഓഷ്യനേറിയത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ? | ഡി) ഓഷ്യനേറിയത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആംഫിതിയേറ്റർ, കൺവെൻഷൻ സെന്റർ എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 510

21.07.2010 ൽ മറുപടിക്ക്

ടൂറിസം രംഗത്തെ നിക്ഷേപം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ.കെ.സി .രാജഗോപാലൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം രംഗത്തെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ടൂറിസം രംഗത്ത് നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി പൊതു സ്വകാര്യ-പങ്കാളിത്തമാതൃക (പി.പി.പി)യിലുള്ള വിവിധ പദ്ധതികൾ ടൂറിസം വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനമായ ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് (ടി.ആർ.കെ.എൽ) വഴി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ടൂറിസം സാധ്യതകളുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ ഒന്നാമത്തെ പദ്ധതിയായി വേളിയിൽ ഒരു രാജ്യാന്തര ഉല്ലാസ കേന്ദ്രം സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഏകദേശം 150 കോടി രൂപയാണ് പദ്ധതിച്ചെലവ് പ്രതീക്ഷിക്കുന്നത്.<br><br>അതോടൊപ്പം ടൂറിസം വകുപ്പിന്റെ അധീനതയിൽ വർക്കല ഗസ്റ്റ് ഹൗസ് പരിസരത്ത് വർഷങ്ങളായി ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഏകദേശം 6.47 ഏക്കർ ഭൂമി ഉപയോഗിച്ചുകൊണ്ട് പൊതു-സ്വകാര്യ-പങ്കാളിത്ത മാതൃകയിൽ പുതിയൊരു ടൂറിസം പദ്ധതികൂടി ടി.ആർ.കെ.എൽ വഴി നടപ്പിലാക്കുന്നുണ്ട്. ഇതിനുവേണ്ട പ്രാരംഭ നടപടികൾ ടി.ആർ.കെ.എൽ ചെയ്തുവരികയാണ്. |

| | | |
|---|---|---|
| | | ഇതുകൂടാതെ, വിവിധ വകുപ്പുകൾ, പൊതു മേഖലാസ്ഥാപനങ്ങൾ, ഇതര സർക്കാർ ഏജൻസികൾ എന്നിവയുടെ ഉടമസ്ഥതയിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി ഉപയോഗിച്ച് പൊതു - സ്വകാര്യ-പങ്കാളിത്ത മാതൃകയിൽ പദ്ധതികൾ സ്ഥാപിക്കുവാനുള്ള ഒരു സ്കീം ടി.ആർ.കെ.എൽ ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി ഉല്പാദനകരമായ രീതിയിൽ വിനിയോഗിക്കുന്നതിന് മറ്റ് വകുപ്പുകളോ സർക്കാർ ഏജൻസികളോ മുന്നോട്ട് വരുന്ന മുറയ്ക്ക് ടി.ആർ.കെ.എൽ - ന്റെ പങ്കാളിത്തത്തോടെ പി.പി.പി പദ്ധതികൾ ആരംഭിക്കാനാണ് പരിപാടി. |
| (ബി) | ടൂറിസം മേഖലയിൽ പരമാവധി കേന്ദ്ര സഹായം നേടിയെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (ബി) ടൂറിസം മേഖലയിൽ പരമാവധി കേന്ദ്ര സഹായം നേടിയെടുക്കുന്നതിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം 141.41 കോടി രൂപയുടെ പദ്ധതികൾ സർക്യൂട്ട് വികസനം, ഡെസ്റ്റിനേഷൻ വികസനം,MICE (Meeting Incentives Conventions Exhibitions) - സൗകര്യങ്ങൾ , വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനം, . മാനവശേഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലനത്തിനുള്ള കേന്ദ്ര സഹായം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് അനുമതിക്കായി സമർപ്പിച്ചിരുന്നു. അതിൽ നിന്നും 52,72,79,000/-(അമ്പത്തിരണ്ട് കോടി എഴുപത്തി രണ്ടു ലക്ഷത്തി എഴുപത്തി ഒൻപതിനായിരം) രൂപയുടെ പദ്ധതിക്ക് ഇതുവരെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | കഴിഞ്ഞ വർഷം എത്ര കോടി രൂപയുടെ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചു; അവ ഏതെല്ലാം: | (സി) കഴിഞ്ഞ സാമ്പത്തിക വർഷം 141.41 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചു. വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| (ഡി) | അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ : | (ഡി) വിശദാംശങ്ങൾ അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. |

| | | |
|---|---|---|
| (ഇ) | ഈ വർഷം പുതുതായി ഏതെല്ലാം പദ്ധതികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഇ) വിശദാംശങ്ങൾ അനുബന്ധം 'സി' ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | നിക്ഷേപകർക്ക് സർക്കാർ എന്തെല്ലാം പ്രോത്സാഹനങ്ങളും സഹായവുമാണ് നൽകുന്നത് ? | (എഫ് ) ടൂറിസം രംഗത്ത് മുതൽ മുടക്കുന്ന നിക്ഷേപകർക്ക് 10% സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി, പവർ താരിഫ് കൺസഷൻ എന്നിവ നൽകിവരുന്നു. കൂടാതെ വകുപ്പിന്റെ ബോഷറുകൾ, സി.ഡികൾ എന്നിവയിൽ കൂടി ആവശ്യമായ പരസ്യ പ്രചാരണങ്ങളും വകുപ്പ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്